# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബളാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 11/895/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 28/12/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബളാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 11/895/2023 തീയ്യതി: 28/12/2023

## കാസർഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-12-2023 | 23-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-12-2023 | 23-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വിനോദ് കുമാർ വി, ഓഡിറ്റ് ഓഫീസർ
ശ്രീ. തോമസ് കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. എം ബാബു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. കെ.സി കുഞ്ഞികൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരി വേണുഗോപാലൻ കെ വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജു കട്ടക്കയം | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.രജീഷ് കാരായി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 12-04-2022 |
| ശ്രീ.സുമേഷ്.കെ | സെക്രട്ടറി | 13-04-2022 | 22-04-2022 |
| ശ്രീ.രജീഷ് കാരായി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-04-2022 | 19-05-2022 |
| ശ്രീ.അനിൽ കുമാർ കെ.പി | സെക്രട്ടറി | 20-05-2022 | 23-11-2022 |
| ശ്രീ.രജീഷ് കാരായി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-11-2022 | 30-11-2022 |
| ശ്രീ.സുരേഷ് ബാബു .ജി | സെക്രട്ടറി | 01-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രജീഷ് കാരായി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ഉമേഷ്.കെ.വി | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 01-04-2022 | 05-08-2022 |
| ശ്രീ.ഫാബിൽ.ടി | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 06-08-2022 | 31-03-2023 |
| ശ്രീ.അനിൽ സെബാസ്റ്റ്യൻ | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീ.രാജീവൻ.വി.വി | കൃഷി ഓഫീസർ | 30-07-2022 | 31-03-2023 |
| ശ്രീമതി.ജിനി.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.സി.ഡി ജോസ് | വെറ്റിനറി സർജ്ജൻ | 01-04-2022 | 31-10-2022 |
| ഡോ.വിശ്വലക്ഷ്മി.എൽ | വെറ്റിനറി സർജ്ജൻ | 01-11-2022 | 31-03-2023 |
| ഡോ.വിധു ജയിംസ് | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2022 | 31-03-2023 |
| ഡോ.സിംല.കെ.സി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.ദൃശ്യ.വി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 30-05-2022 |
| ഡോ.അമ്പിളി സി.ആർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 31-05-2022 | 31-03-2023 |
| ശ്രീ.ശ്രീജിത്ത്.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.അലാവുദ്ദീൻ.എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിജി.കെ.മാത്യു | പ്രധാനധ്യാപിക | 01-04-2022 | 30-06-2022 |

| | | | |
|---|---|---|---|
| ശ്രീമതി.നാൻസി സെബാസ്റ്റ്യൻ | പ്രധാനധ്യാപിക | 01-07-2022 | 31-03-2023 |
| ശ്രീ.ജേക്കബ്ബ് ഉലഹന്നാൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ( ബളാൽ സർക്കിൾ) | 01-04-2022 | 31-03-2023 |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മാലോം സർക്കിൾ) | 01-04-2022 | 15-05-2022 |
| ശ്രീ.വിനു വിൽസൺ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മാലോം സർക്കിൾ) | 16-05-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | വാതിൽപ്പടി സേവനം - അക്കൗണ്ട് പഞ്ചായത്ത് കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-3 |
| 5 | വിവിധ ബാങ്ക് അക്കൗണ്ടുകളിലെ പലിശവരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | യൂണിയൻ ബാങ്ക് അക്കൗണ്ടുകളിലെ പലിശ വരവ് പഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്തിയതിൽ അപാകത | 1-1-5 |
| 7 | ഇനം വ്യക്തമാകാത്ത വരവ് തുക പലിശ വരവിൽ ഉൾപ്പെടുത്തി | 1-1-6 |
| 8 | ബാങ്ക് ബുക്ക് നീക്കിയിരിപ്പും ബന്ധപ്പെട്ട ബാദ്ധ്യത തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | കോവിഡ് DRF ബാദ്ധ്യത തുക വ്യത്യസ്ത ഹെഡ്ഡിൽ ചേർത്തിരിക്കുന്നു. | 1-1-8 |
| 10 | സായം പ്രഭാ ഹോം വകുപ്പ് വിഹിതം വരവ് -ചെലവ് വിവരം വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-9 |
| 11 | ബാങ്ക് റീകൺസിലിയേഷൻ പത്രിക -അപാകതകൾ | 1-1-10 |
| 12 | ഓഡിറ്റ് റിക്കവറി - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-1-11 |
| 13 | വിവിധ തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല- കൃത്യത ഉറപ്പാക്കി തുടർ നടപടികൾ സ്വീകരിക്കുക | 1-1-12 |
| 14 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-13 |
| 15 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-14 |
| 16 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ പാർട്ട് ബിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. | 1-1-15 |
| 17 | വിവിധ ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-16 |
| 18 | വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം | 1-1-17 |
| 19 | ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഗ്രാന്റ് വിനിയോഗം | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 25 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 26 | ക്യാഷ് ബാലൻസ് | 1-8 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 28 | തനത് വരുമാനം സംബന്ധിച്ച അവലോകനം | 1-10 |
| 29 | തൊഴിൽ നികുതി അപാകതകൾ | 1-11 |
| 30 | വസ്തുനികുത് നിർണ്ണയം - കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത | 1-12 |
| 31 | ഇ ടെണ്ടർ ബിഡ് സമർപ്പണ ഫീസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-13 |
| 32 | ജീവനക്കാരുടെ സേവന പുസ്തകത്തിൽ യഥാസമയം രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. | 1-14 |
| 33 | മരാമത്ത് പ്രവൃത്തി-സ്രോതസ്സിൽ നിന്ന് ഈടാക്കിയ തുകകൾ ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് ഒടുക്കിയിട്ടില്ല | 1-15 |
| 34 | കൊന്നക്കാട് പി.എച്ച്.സി-കെട്ടിട നിർമ്മാണം- വിഹിതം നൽകിയത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-16 |
| 35 | തൊഴിലുറപ്പ് കാര്യാലയത്തിലെ ജീവനക്കാർക്ക് ആർജ്ജിതാവധി സറണ്ടർ അനുവദിച്ചത് സംബന്ധിച്ച് | 1-17 |
| 36 | ചെയിനേജ് നിബന്ധനകൾ മറി കടന്നുള്ള റോഡ് പ്രവൃത്തികൾ സംബന്ധിച്ച്. | 1-18 |
| 37 | സ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂര മാറ്റൽ- ഡിസ്മാന്റിൽ ചെയ്ത സാമഗ്രികളുടെ ഡിസ്പോസൽ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 38 | സ്ട്രക്ചറൽ ഡിസൈനിംഗിനും സോയിൽ ടെസ്റ്റിനും വേണ്ടി തുക നൽകി- കൺസൾട്ടൻസി കരാർ ഹാജരാക്കിയിട്ടില്ല- ഡിസൈനും റിപ്പോർട്ടും ലഭിച്ചിട്ടില്ല. | 1-20 |
| 39 | മരാമത്ത് പ്രവൃത്തികളിൽ സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കുന്ന സാമഗ്രികളുടെ ഡിസ്പോസൽ വിവരം രേഖപ്പെടുത്താത്തത് സംബന്ധിച്ച് | 1-21 |
| 40 | അങ്കണവാടി പൂരക പോഷകാഹാര പദ്ധതി കേന്ദ്ര വിഹിതം- വിനിയോഗിക്കുവാൻ അവശേഷിക്കുന്നത് 29.17 ലക്ഷം രൂപ | 1-22 |
| 41 | ഗോത്രസാരഥി പദ്ധതി 2022-23- അപാകത | 1-23 |
| 42 | ഗോത്രസാരഥി പദ്ധതി(സ്പിൽ ഓവർ)- അപാകത | 1-24 |
| 43 | വയോജനങ്ങൾക്കുള്ള വിശ്രമ കേന്ദ്രം - സായംപ്രഭ ഹോം പ്രവർത്തനങ്ങൾ പദ്ധതി - അപാകത | 1-25 |
| 44 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി - അപാകത | 1-26 |
| 45 | ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ. | 1-27 |

| | | |
|---|---|---|
| 46 | പട്ടികവർഗ്ഗ വനിതകൾക്ക് പെണ്ണാട് വിതരണ പദ്ധതി - ഗുണഭോക്താക്കൾക്ക് സബ്സിഡി തുക 1,84,000 രൂപ അധികം നൽകി. | 1-28 |
| 47 | കാർഷിക മേഖലയിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ നിർവഹണം-പൊതുനിർദേശങ്ങൾ | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പട്ടിക വർഗ്ഗ വനിതകൾക്ക് പെണ്ണാട് വിതരണ പദ്ധതി - ഗുണഭോക്താക്കൾക്ക് സബ്സിഡി തുക 1,84,000 രൂപ അധികം നൽകി. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം , കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27/07/2023 ലെ 1/23-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 31/07/2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
28.12.2023

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## 1-1-1 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട

അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-3 വാതിൽപ്പടി സേവനം - അക്കൗണ്ട് പഞ്ചായത്ത് കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

04/04/2022 ൽ ആരംഭിച്ച യൂണിയൻ ബാങ്ക് അക്കൗണ്ട് നം. 179122010000306 UBI- (വാതിൽ പടി സേവനം ) ൽ 31.03.2023ൽ 18,384/-രൂപ നീക്കിയിരിപ്പുണ്ട് . പ്രസ്തുത അക്കൗണ്ട് ഗ്രാമ പഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-4 വിവിധ ബാങ്ക് അക്കൗണ്ടുകളിലെ പലിശവരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ചുവടെ ചേർത്ത പ്രത്യേക ഉദ്ദേശ പദ്ധതി ബാങ്ക് അക്കൗണ്ടുകളിൽ 2022-23 സാമ്പത്തിക വർഷം ലഭിച്ച പലിശ വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. മുന്നിരിപ്പ് തുക തന്നെയാണ് 31.03.2023 ൽ നീക്കിയിരിപ്പിലും ചേർത്തിട്ടുള്ളത്

| ക്രമ നം | ബാങ്ക് അക്കൗണ്ട് നം | ബാങ്ക് ബുക്ക് നീക്കിയിരിപ്പ് | പാസ്സ് ബുക്ക് നീക്കിയിരിപ്പ് | തൻവർഷത്തെ പലിശ വരവ് |
|---|---|---|---|---|
| 1 | 001003000201 സഹകരണ ബാങ്ക് വെസ്റ്റേൺ ഗാട്ട് | 3466 | 3605 | 139 |
| 2 | 001003000082 സഹകരണ ബാങ്ക് | 1237 | 1286 | 49 |
| 3 | 001003000090 സഹകരണ ബാങ്ക് - സാക്ഷരത | 2156 | 2242 | 86 |
| 4 | 182312801000716 കേരള ബാങ്ക് (Old ..000091) SGRY | 53196 | 56443 | 3247 |

പലിശ വരവ് പഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്തേണ്ടതും ബാദ്ധ്യതാ കണക്കുകളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതുമാണ്. ഇടപാടുകൾ നടത്താതെ ദീർഘകാലമായി തുടരുന്ന മേൽ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-5 യൂണിയൻ ബാങ്ക് അക്കൗണ്ടുകളിലെ പലിശ വരവ് പഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്തിയതിൽ അപാകത

യൂണിയൻ ബാങ്ക് വെള്ളരിക്കുണ്ട് ശാഖയിൽ നിലവിലുള്ള വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ചുവടെ ചേർത്ത അക്കൗണ്ടുകളിലെ പലിശ വരവ് കണക്കാക്കിയപ്പോൾ ബാങ്ക് പാസ്സ് ബുക്കിൽ 04.04.2023 ൽ വരവ് വന്ന പലിശ തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. 31.03.2023 ലെ റീ കൺസിലിയേഷൻ പത്രിക തയ്യാറാക്കിയപ്പോഴും ബാങ്ക് പാസ്സ്ബുക്ക് നീക്കിയിരിപ്പായി 04.04.2023 ലെ നീക്കിയിരിപ്പാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം | ബാങ്ക് അക്കൗണ്ട് നം | 31.03.2023 ലെ പാസ്സ് ബുക്ക് | 04.04.2023 ൽ ലഭിച്ച | 04.04.2023 പാസ്സ് ബുക്ക് | 31.03.2023 ലെ പാസ്സ് ബുക്ക് നീക്കിയിരിപ്പായി |
|---|---|---|---|---|---|

| | | നീക്കിയിരിപ്പ് | പലിശ | നീക്കിയിരിപ്പ് | വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുക |
|---|---|---|---|---|---|
| 1 | 179122010000094 ദുരിതാശ്വാസ നിധി | 20882 | 201 | 21083 | 21083 |
| 2 | 179122010000300 -ഹെൽത്ത് ഗ്രാന്റ് | 289906 | 2396 | 292302 | 292302 |
| 3 | 179122010000302 ഹെൽത്ത് ഗ്രാന്റ് | 226212 | 1534 | 227746 | 227746 |
| 4 | 179122010000093 -കോവിഡ് DRF | 13856 | 94 | 13950 | 13950 |
| 5 | 520101027364476 -ജലനിധി | 853156 | 5785 | 858941 | 858941 |

ഇക്കാര്യം പരിശോധിച്ച് തുടർ വർഷത്തെ വാർഷിക കണക്കിൽ പ്രസ്തുത ഇനങ്ങളുടെ വരവ് കണക്കിൽ മേൽ വരവുകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും ഇത്തരത്തിൽ തുക വരവിലെടുക്കുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതുമാണ്.

1-1-6 ഇനം വ്യക്തമാകാത്ത വരവ് തുക പലിശ വരവിൽ ഉൾപ്പെടുത്തി

യൂണിയൻ ബാങ്ക് (തനത് ഫണ്ട്) അക്കൗണ്ടിന്റെ ( നം.520101027391082) ലെഡ്ജർ പ്രകാരം പലിശ വരവായി 103010/-രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പ്രകാരം തൻ വർഷത്തെ പലിശ വരവ് 79801/-രൂപയാണ്. 23209/-രൂപ വ്യത്യാസം കാണുന്നു. പ്രസ്തുത അക്കൗണ്ടിന്റെ വർഷാവസാന റീകൺസിലിയേഷൻ പത്രികയിൽ ഈ തുക Directly Debited By Bank എന്നയിനത്തിൽ ഉൾപ്പെടുത്തിക്കാണുന്നു. ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ 31.12.2022 ന് അക്കൗണ്ടിൽ വരവ് വന്ന 3579/-, 7296/-, 8755/-, 3579/- എന്നീ തുകകൾ ഉൾപ്പെടുന്ന തുകയാണ് പലിശ വരവിൽ ഉൾപ്പെടുത്തിയ മേൽ തുകയെന്ന് കാണുകയുണ്ടായി . ഇനം വ്യക്തമാകാത്ത ഈ തുകകൾ പലിശ വരവിൽ ചേർത്തത് ശരിയായ നടപടിയല്ല. പ്രസ്തുത തുകയുടെ കൃത്യത പരിശോധിച്ച് ശരിയായ ഹെഡ്ഡിൽ വരവ് ക്രമീകരിക്കുക.

1-1-7 ബാങ്ക് ബുക്ക് നീക്കിയിരിപ്പും ബന്ധപ്പെട്ട ബാദ്ധ്യത തുകയും പൊരുത്തപ്പെടുന്നില്ല.

ചുവടെ ചേർത്ത പ്രത്യേക ഉദ്ദേശപദ്ധതി ബാങ്ക് അക്കൗണ്ടുകളുടെ 31-03-2023 ലെ ബാങ്ക് ബുക്ക് നീക്കിയിരിപ്പും ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാദ്ധ്യത തുകയും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ബാങ്ക് അക്കൗണ്ട് നം | ബാങ്ക് ബുക്ക് നീക്കിയിരിപ്പ് | ഹെഡ്ഡ് നം | ബാലൻസ് ഷീറ്റ് പ്രകാരം ബാദ്ധ്യത |
|---|---|---|---|---|
| 1 | 179122010000094 ദുരിതാശ്വാസ നിധി | 21083 | 311100101 | 26089 |
| 2 | SBI 33696476776 – തൊഴിലുറപ്പ് പദ്ധതി | 1568304 | 320100128 | 1568072 |
| 3 | SGSY-A/c-182312801000716 (Old....000091) കേരളബാങ്ക് | 53196* | 320100180 | 49257 |
| 4 | 179122010000075 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 11147681 | 320200104 320200133 | 11093057 |

വ്യത്യാസം പരിശോധിച്ച് ബാദ്ധ്യതാ കണക്ക് ക്രമീകരിക്കേണ്ടതാണ്. (*പലിശ വരവ് അക്കൗണ്ടിൽ ഉൾപ്പെടുത്താത്തതിനാൽ കേരള ബാങ്ക് അക്കൗണ്ടിന്റെ , ബാങ്ക് ബുക്ക് ബാലൻസായി ഉൾപ്പെടുത്തിയിട്ടുള്ള തുക ശരിയല്ല. ഇക്കാര്യം മുൻ ഖണ്ഡികയിൽ (1-1-4) പരാമർശിച്ചിട്ടുണ്ട്.)

1-1-8 കോവിഡ് DRF ബാദ്ധ്യത തുക വ്യത്യസ്ത ഹെഡ്ഡിൽ ചേർത്തിരിക്കുന്നു.

കോവിഡ് DRF യൂണിയൻ ബാങ്ക് അക്കൗണ്ട് നം. 17912201000093 -ൽ 31.03.2023 ൽ ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് കാണിച്ചിട്ടുള്ള തുക 13,950- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ഈയിനത്തിലെ ബാദ്ധ്യത രണ്ട് ശീർഷകത്തിലായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പലിശ തുക 476 രൂപ 320100195 എന്ന ഹെഡ്ഡിലും, അവശേഷിച്ച തുക 13,474/-രൂപ 320900102 എന്ന ഹെഡ്ഡിലുമാണ് ഉൾപ്പെടുത്തിക്കാണുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

1-1-9 സായം പ്രഭാ ഹോം വകുപ്പ് വിഹിതം വരവ് -ചെലവ് വിവരം വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

സായംപ്രഭാ ഹോം, കെയർ ഗിവർ ഹോണറേറിയം ഇനത്തിൽ ബന്ധപ്പെട്ട വകുപ്പ് അനുവദിച്ച 104970/-രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി BIMS മുഖേന പിൻവലിച്ച് വിനിയോഗിച്ചിട്ടുണ്ട് . പ്രസ്തുത തുകയുടെ വരവ് ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (സെക്രട്ടറിയുടെ ട്രഷറി ബിൽ നം.2220055200180147733/dt.25/3/2023 & 22200552001801441742/dt. 24/03/2023)

1-1-10 ബാങ്ക് റീകൺസിലിയേഷൻ പത്രിക -അപാകതകൾ

എ) ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടിലെ വർഷാന്ത്യ റീകൺസിലിയേഷൻ പത്രികയിൽ Cheque Issued But Not Presented Into Bank എന്നയിനത്തിൽ കാലപരിധി കഴിഞ്ഞ തുകയും ഉൾപ്പെട്ട് കാണുന്നു.

| അക്കൗണ്ട് നം &ബാങ്കിന്റെ പേര് | ഇൻസ്ട്രുമെന്റ് നം.തിയതി | തുക |
|---|---|---|
| UBI – 520101027391082 | 018631/05/08/2022 | 6000/- |

ബി) മാലോത്ത് സഹകരണ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിൽ (നം. 3(1)) വർഷാന്ത്യ റീകൺസിലിയേഷൻ പത്രികയിൽ Cheque Deposited But Not Cleared എന്നയിനത്തിൽ കാലപരിധി കഴിഞ്ഞ ചുവടെ ചേർത്ത തുകകളും ഉൾപ്പെട്ട് കാണുന്നു.

| അക്കൗണ്ട് നം &ബാങ്കിന്റെ പേര് | ഇൻസ്ട്രുമെന്റ് നം.തീയതി | തുക |
|---|---|---|
| മാലോത്ത് സർവ്വീസ് സഹകരണ ബാങ്ക് A/C No.3(1) | 8495373/ 07.03.2018 | 10950/- |
| | 5560044/ 27.03.2018 | 25950/- |

സി) SBI E- Payment ബാങ്ക് അക്കൗണ്ടിലെ വർഷാന്ത്യ റീകൺസിലിയേഷൻ പത്രികയിൽ Cheque Deposited But Not Cleared എന്നയിനത്തിൽ കാണിച്ചിട്ടുള്ള 11,485/- രൂപയിൽ 1285 രൂപയും, Directly Credited By Bank എന്നയിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 1400 രൂപ, 1 രൂപ എന്നിവ കാലപരിധി കഴിഞ്ഞ തുകകളാണ് . ഇവ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-11 ഓഡിറ്റ് റിക്കവറി – തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം മലബാർ ഗ്രാഫിക്സ് എന്ന സ്ഥാപനം ഒടുക്കിയ 2,252/-രൂപ ആദായ നികുതി ഇനത്തിൽ അടവാക്കേണ്ട തുകയാണ് (2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3) , പ്രസ്തുത തുക ആദായ നികുതി വകുപ്പിൽ അടവാക്കി രേഖകൾ പരിശോധനയ്ക്ക്

ലഭ്യമാക്കേണ്ടതാണ്.

ബി) ഓഡിറ്റ് റിക്കവറി ഇനത്തിൽ Rt.No,1220102471/dt. 16/12/2022 പ്രകാരം വരവ് വന്ന 10,657/-രൂപ 180400103 എന്ന ഹെഡ്ഡിൽ (ജീവനക്കാരിൽ നിന്നുള്ള റിക്കവറി) വരവിൽ എടുക്കുന്നതിന് പകരം 180400203 എന്ന ഹെഡ്ഡിലാണ് (ജനപ്രതിനിധികളിൽ നിന്നുള്ള റിക്കവറി) ഉൾപ്പെടുത്തിക്കാണുന്നത്.

സി) വാർഷിക ധനകാര്യപത്രികയിൽ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ RP-11 Prior Period Income ഇനത്തിൽ വിവിധ ഹെഡ്ഡുകളിൽ വരവ് രേഖപ്പെടുത്തിയിട്ടുള്ള 32,161/-രൂപയുടെ വിശദാംശം പരിശോധിച്ച് പ്രസ്തുത തുകകളിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ ഉള്ള തുക ഉൾപ്പെടുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം (ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക Etc...) പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-12 വിവിധ തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല- കൃത്യത ഉറപ്പാക്കി തുടർ നടപടികൾ സ്വീകരിക്കുക

എ) വാർഷിക ധനകാര്യ പത്രികയിൽ RP-7 ഷെഡ്യൂളിൽ ഹെഡ്ഡ്-160100799ൽ Other Revenue Grant ആയി ഉൾപ്പെടുത്തിയിരിക്കുന്ന 2,500/-രൂപ ഏതിനത്തിലുള്ള തുകയാണെന്ന് വിശദമാക്കേണ്ടതാണ്.

ബി) ഗുണഭോക്തൃ വിഹിതം ഇനത്തിൽ ബാദ്ധ്യതയിൽ ഉൾപ്പെടുത്തിയിട്ടുള്ള 145227/-രൂപ മുൻ വർഷവും ഇതേയിനത്തിൽ തുടരുന്ന തുകയാണ് . പ്രസ്തുത തുകയുടെ കൃത്യത വിശദമാക്കേണ്ടതാണ്.

സി) Other Liabilities ഹെഡ്ഡ്.നം.320100999 ൽ തൻ വർഷം വരവ് രേഖപ്പെടുത്തിയിട്ടുള്ള 16,385/-രൂപ GWD മലപ്പുറം ജില്ല ഓഫീസ് അധികൃതർ ഗ്രാമ പഞ്ചായത്ത് ട്രഷറി അക്കൗണ്ടിലേയ്ക്ക് തെറ്റായി നിക്ഷേപിച്ച തുകയാണെന്ന് ലെഡ്ജർ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ കൃത്യത പരിശോധിച്ച് ഗ്രാമ പഞ്ചായത്തിന് അർഹതപ്പെട്ട തുകയല്ലെങ്കിൽ, തുക നിക്ഷേപിച്ച സ്ഥാപനത്തിന് തിരികെ നൽകി ബാദ്ധ്യത ക്രമീകരിക്കേണ്ടതാണ്.

1-1-13 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

എ) അഡ്വാൻസ് രജിസ്റ്ററിൽ 2022-23 വർഷം വിവരങ്ങൾ എടുത്തെഴുതി സംഗ്രഹം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

ബി) Advance To Implementing Officers -Head 460500501ൽ ഉൾപ്പെടുത്തിയ മുട്ടോംകടവ് അങ്കണവാടി നവീകരണം എന്ന പ്രവൃത്തിക്ക് അഡ്വാൻസ് നല്കിയതായി രേഖപ്പെടുത്തിയ തുകയുടെ (97,220/-രൂപ) കൃത്യത പരിശോധിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഹെഡ്ഡിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

സി) ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ ഹെഡ്ഡ് 460100101 ൽ 6000/- രൂപ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമായിട്ടുണ്ടോ എന്നുള്ള വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഡി) ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരമുള്ള അവശേഷിച്ച മുഴുവൻ തുകയുടേയും കൃത്യത പരിശോധിച്ച് , തുക വിനിയോഗിച്ചവ ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കുക. അഡ്വാൻസ് നല്കി ക്രമീകരിക്കാത്തവയിലും, മുൻകൂർ നൽകി പ്രവൃത്തി പൂർത്തീകരിക്കാത്തവയിലും അനുവദിച്ച തുകകൾ തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-14 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി 2022-23 വർഷത്തെ വിവരങ്ങൾ രേഖപ്പെടുത്തി സംഗ്രഹം തയ്യാറാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി 7 ഷെഡ്യൂളിൽ ഉൾപ്പെട്ട മുഴുവൻ തുകകളുടേയും കൃത്യത

പരിശോധിച്ച് കാലാവധി കഴിഞ്ഞ തുകകൾ പഞ്ചായത്തിലേയ്ക്ക് മുതൽക്കൂട്ടുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-15 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ പാർട്ട് ബിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

വെള്ളരിക്കുണ്ട് എഫ്.എച്ച്.സി കെട്ടിട നിർമ്മാണ പദ്ധതി പ്രകാരം പാർട്ട് ബിൽ ആയി തൻവർഷം 50,05,198/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ബാലൻസ്ഷീറ്റിൽ Capital Work In Progress (B-11(a)) എന്ന ശീർഷകത്തിൽ പ്രസ്തുത ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.

1-1-16 വിവിധ ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

എ) ബാലൻസ് ഷീറ്റിൽ ബി4 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ വർഷങ്ങളായി വിനിയോഗിക്കാത്ത ചുവടെ ചേർത്ത തുകകളുടെ കൃത്യത പരിശോധിച്ച് അവ നിലവിൽ സ്ഥിതി ചെയ്യുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത തുകകൾ ഉദ്ദേശ ലക്ഷ്യങ്ങൾക്കായി വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കുകയോ വിനിയോഗിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ തുക ലഭ്യമാക്കിയ സ്ഥാപനങ്ങൾക്കോ, അല്ലെങ്കിൽ അവരുടെ അനുമതിയോടെ സർക്കാരിലേയ്ക്കോ തിരികെ ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

| ക്രമ നം | ഹെഡ്സ് | ഇനം | തുക |
|---|---|---|---|
| 1 | 320100101 | ARWSS | 210235 |
| 2 | 320100190 | Vimukthi | 45550 |
| 3 | 320100198 | Grant From Suchithwa Mission | 705597 |
| 4 | 320100999 | Other Liabilities | 220212 |
| 5 | 320300103 | Total Sanitation | 501990 |
| 6 | 320800199 | Other Grants , Funds & Contributions For Specific Purposes | 1029942 |
| 7 | 320700104 | Contributions For Joint Venture Projects Block Panchayats | 195691 |
| 8 | 320700204 | Contributions For Joint Venture Projects Block Panchayats | 141300 |
| 9 | 320700404 | Contributions For Joint Venture Projects Block Panchayats | 152049 |
| 10 | 320700105 | Contributions For Joint Venture Projects District Panchayats | 3000000 |
| 11 | 320700205 | Contributions For Joint Venture Projects District Panchayats | 114100 |

ബി) ബാലൻസ് ഷീറ്റിൽ ബി 9ഷെഡ്യൂളിൽ വിവിധ വർഷങ്ങളായി ബാധ്യതയിൽ തുടരുന്ന ചുവടെ ചേർത്ത തുകകളുടെ കൃത്യത പരിശോധിച്ച് സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കുവാനുള്ള തുകകൾ ഒടുക്ക് വരുത്തി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ഹെഡ്സ് | ഇനം | തുക |
|---|---|---|---|
| 1 | 350200202 | Recoveries Payable Vat | 95024 |
| 2 | 350200203 | Recoveries Payable -KCWWF | 124108 |
| 3 | 350300103 | Recoveries Payable Vat | 102157 |
| 4 | 350300199 | Refunds Payable Grants And Funds | 461664 |
| 5 | 350800102 | Other Creditors | 117487 |
| 6 | 350800199 | Liability In Respect Of Payments Returned | 14600 |

കൂടാതെ മേൽ പട്ടികയിൽ ഉൾപ്പെടാത്ത ബി9 ഷെഡ്യൂൾ പ്രകാരം ബാദ്ധ്യതയിൽ ഉൾപ്പെട്ടിട്ടുള്ളതും സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ഒടുക്ക് വരുത്തേണ്ടതുമായ മറ്റ് തുകകൾ ഒടുക്ക് വരുത്തി

ക്രമീകരിച്ച് വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-17 വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 17 (2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ്, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ, തിരിച്ച നൽകൽ, കുറവ് വരുത്തൽ, എഴുതി തള്ളൽ എന്നിവ സംബന്ധിച്ചും പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കിയതിന്റെ രേഖകളും ഇവയുടെ അടിസ്ഥാനത്തിൽ പുസ്തകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതിയുൾപ്പടെയുള്ള വിവിധ വരവിനങ്ങളുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത് വർഷാവസാന ദിനമായ 2023 മാർച്ച് 31 ന് മാത്രമാണ്. ആയതിനുള്ള കാരണവും വിശദമാക്കേണ്ടതാണ്

### 1-1-18 ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

ചുവടെ ചേർത്ത ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

| ക്രമ നം | ജേണൽ വൗച്ചർ നം /തിയതി | ഹെഡ് നം | തുക |
|---|---|---|---|
| 1 | 42200478/ Dt. 29.11.2022 | 320700120 | 180000 |
| 2 | 42200479/ Dt. 30.11.2022 | 320800199 | 3187878 |
| 3 | 42200347/ Dt. 26.09.2022 | 320400199 | 4334006 |
| 4 | 42201150/ Dt. 31.03.2023 | 412010101 | 12627967 |
| 5 | 42200483/ Dt. 29.11.2022 | 320300102 | 455902 |
| 6 | 42200348/ Dt. 26.09.2022 | 320900102 | 273593 |

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | നം.1/1 തിയതി 25/03/2022 | നം.1/1 തിയതി 24/03/2023 |
| മുന്നിരിപ്പ് | 1205466 | 48544232 |
| വരവ് | 360824000 | 485802254 |
| ആകെ | 362029466 | 534346486 |
| ചെലവ് | 360625500 | 531532703 |
| നീക്കിയിരിപ്പ് | 1403966 | 2813783 |

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 20399857 |
| വരവ് | 90026152 |
| ആകെ | 110426009 |
| ചെലവ് | 79769774 |

| | |
|---|---|
| നീക്കിയിരിപ്പ് | 30656235 |
| വരവ് കണക്കകളിന്മേലുള്ള നഷ്ടം | ഇല്ല |
| ചെലവ് കണക്കകളിന്മേലുള്ള നഷ്ടം/ ഓഡിറ്റിൽ നിരാകരിച്ച തുക | 184000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9821042 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24401000 | 24401000 | 21784171 | - | 2616829 |
| വികസനഫണ്ട് എസ്.സി.പി. | 0 | 461000 | 461000 | 449228 | - | 11772 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 13573000 | 13573000 | 13538634 | - | 34366 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 22755700 | 22755700 | 13403050 | - | 9352650 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 8482000 | 8482000 | 5958252 | - | 2523748 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് Bank | 838788 | 4485514 | 5324302 | 1988214 | 3336088* | - |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ട്രഷറി | 0 | 190275 | 190275 | 125597 | - | 64678 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)- Bank | 4064394 | 6365000 | 10429394 | 2704963 | 7724431* | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)- Trery | 0 | 6370123 | 6370123 | 1277232 | - | 5092891 |
| ബിഫണ്ട് | | | | | | |
| വിവിധ ക്ഷേമ പെൻഷനുകൾ | 0 | 39121400 | 39121400 | 39121400 | 0 | - |
| സായംപ്രഭാ ഹോം നടത്തിപ്പ് ചെലവ് വകുപ്പ് വിഹിതം | 0 | 104970 | 104970 | 104970 | 0 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 489040 | 3371385 | 3860425 | 3371385 | 489040 | - |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 3294100 | 676991 | 3971091 | 856991 | 3114100 | - |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | |
| തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവ് | 0 | 2275287 | 2275287 | 707215 | 1568072 | - |
| -ടി- വേതനം | 0 | 59161522 | 59161522 | 59161522 | 0 | - |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 2485322 | 1354114 | 3839436 | 921544 | 2917892 | - |
| ARWSS | 210235 | 0 | 210235 | 0 | 210235 | - |
| ടോട്ടൽ സാനിറ്റേഷൻ | 957892 | 0 | 957892 | 455902 | 501990 | - |
| 320100202 ഹെൽത്ത് ഗ്രാന്റ് | 0 | 376302 | 376302 | 84000 | 292302 | - |
| 320100204 ഹെൽത്ത് ഗ്രാന്റ് | 0 | 227746 | 227746 | 0 | 227746 | - |
| NHM ഫണ്ട് (ആയുർവ്വേദ) | 0 | 500000 | 500000 | 0 | 500000 | - |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | | |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം /മറ്റിനങ്ങൾ | 6556634 | 33500000 | 40056634 | 32117006 | 7939628 | - |
| കോർപ്പസ് ഫണ്ട് | 4217820 | 0 | 4217820 | 3187878 | 1029942 | - |
| സായം പ്രഭാ ഹോം | 11921 | 0 | 11921 | 0 | 11921 | - |
| വിമുക്തി | 45550 | 0 | 45550 | 0 | 45550 | - |
| അങ്കണവാടി നെയിം ബോർഡ് | 69000 | 0 | 69000 | 69000 | 0 | - |
| ജലനിധി | 829651 | 29361 | 859012 | 71 | 858941 | - |
| ശുചിത്വ മിഷൻ | 1519817 | 0 | 1519817 | 814220 | 705597 | - |
| മറ്റുള്ളവ | | | | | | |
| വെള്ളരിക്കുണ്ട് FHCകെട്ടിട നിർമ്മാണ ഗ്രാന്റ് | 9372033 | 0 | 9372033 | 5005198 | 4366835 | - |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ് | 400000 | 0 | 400000 | 200000 | 200000 | - |
| ആർദ്രം പുരസ്കാരം | 0 | 300000 | 300000 | 0 | 300000 | - |

1) വികസനഫണ്ട്-ജനറൽ - സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 37,81,396/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 2,74,365/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 52,42,804/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന പലിശ 2,42,514 രൂപ ബേസിക് ഗ്രാന്റിൽ വരവായി ചേർത്തിട്ടുണ്ട്.

5) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 1,18,49,000 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. സർക്കാർ റിസംപ്ഷൻ നടത്തിയ 7364301 രൂപ 04.04.2023 ന് തിരികെ ലഭിച്ചു . കൂടാതെ ജോയിന്റ് വെഞ്ചർ ട്രഷറി അക്കൗണ്ടിൽ നിന്നും റിസംപ്ഷൻ നടത്തിയ 21,46,298 രൂപയും 04.04.2023 ന് പഞ്ചായത്തിന് തിരികെ ലഭിച്ചു.

6) * ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (Untied), ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) എന്നിവയുടെ മേൽ പട്ടിക പ്രകാരമുള്ള ആകെ നീക്കിയിരിപ്പ് 11060519 രൂപയാണ്. എന്നാൽ ബാങ്ക് ബുക്ക് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കേരള ഗ്രാമീണ് ബാങ്കിലെ 31.03.2023 ലെ നീക്കിയിരിപ്പ് 11147681 രൂപയാണ്. വ്യത്യാസം 87,162 രൂപ. ഇതിൽ വിവിധ ബില്ലുകളിൽ നിന്നും ഈടാക്കിയ നികുതി തുകകളിൽ തൻവർഷം പേയ്മെന്റിൽ ഉൾപ്പെടുത്താത്ത 80176 രൂപയും, റിട്ടെൻഷൻ ഇനത്തിൽ തൻവർഷം ഈടാക്കിയ 6,986രൂപയും ഉൾപ്പെടുന്നു. എന്നാൽ ബാങ്ക് ബുക്ക് ബാലൻസും (11147681 രൂപ), ഈയിനത്തിൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാദ്ധ്യത തുകയും (11093057 രൂപ) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇക്കാര്യം ഖണ്ഡിക 1-1ൽ പരാമർശിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 217 | 402740896 | 158 | 116784476 | - | 59 | 72.81 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 25 | 13103992 | 19 | 11539755 | 88.06 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 3143245 | 4 | 3140845 | 99.92 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 120 | 73962292 | 75 | 35708777 | 48.27 |
| 4 | കൃഷി ഓഫീസർ | 10 | 4141827 | 10 | 2694833 | 65,06 |
| 5 | വെറ്ററിനറി സർജ്ജൻ | 6 | 4340000 | 6 | 3042000 | 70.09 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 23 | 288288433 | 18 | 47914267 | 16.62 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4311938 | 5 | 3691432 | 85.60 |
| 8 | പ്രധാനധ്യാപകൻ | 4 | 4885456 | 4 | 3666923 | 75.05 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 550000 | 2 | 549992 | 99.9 |
| 10 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 13 | 3150113 | 11 | 2497802 | 79.29 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 290000 | 3 | 287616 | 99.17 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2200000 | 1 | 2050234 | 93.19 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 373600 | 0 | 0 | 0 |
| | ആകെ | 217 | 402740896 | 158 | 116784476 | 28.99 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 2275287 | 2275287 | 706983 | 1568304 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പടെ) | 0 | 59161522 | 59161522 | 59161522 | 0 |
| ആകെ | 0 | 61436809 | 61436809 | 59868505 | 1568304 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 3862 പദ്ധതികളുൾപ്പെടുന്ന 89.27 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 523 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 137378 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 596 കുടുബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1438800 | 446 |
| വിധവാപെൻഷൻ | 9977600 | 622 |
| വാർദ്ധക്യകാലപെൻഷൻ | 24173400 | 1852 |
| വികലാംഗപെൻഷൻ | 3149800 | 297 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 381800 | 22 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.12.2023 തീയതിയിൽ 2.10 P.m ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 10,924/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 01-01-2020 ലെ ഉത്തരവ് നം. എസ്.സി2 -1/2020 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. തുടർന്ന് ഭരണ സൗകര്യാർത്ഥം വിവിധ ഉപ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കഴിഞ്ഞ വർഷങ്ങളിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് സമഗ്രമേഖലകളും ഉൾപ്പെടുത്തി വിശദമായ പുതുക്കിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തെ ജീവനക്കാരുടെ അഭാവം ബാധിച്ചിട്ടുണ്ട്. സെക്രട്ടറി തസ്തികയിൽ നിയമിതരാകുന്ന ഉദ്യോഗസ്ഥർ ചുരുങ്ങിയ കാലയളവിനുള്ളിൽ സ്ഥലം മാറിപ്പോകുന്ന സാഹചര്യമാണ് ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ളത്. പലപ്പോഴും അസിസ്റ്റന്റ് സെക്രട്ടറിയാണ് സെക്രട്ടറിയുടെ ചുമതല വഹിച്ചിട്ടുള്ളത്. ക്ലറിക്കൽ തസ്തികയിലും ഓഡിറ്റ് വർഷം ജീവനക്കാരുടെ കുറവ് ഉണ്ടായിട്ടുണ്ട്. ഓഫീസിന്റെ സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി ആവശ്യമായ ജീവനക്കാരുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തുവാൻ ഭരണ സമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും 23.12.2023 ലെ സ്ഥിതിയനുസരിച്ച് 47 ഫയലുകൾ പെന്റിംഗ് ആയും 620 ഫയലുകൾ കാലതാമസം വന്നവ എന്ന കണക്കിലും ഉണ്ട്. ഫയലുകളിൽ കാലതാമസം വരുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്. ആകെ 1049 ഫയലുകളിൽ തുടർ നടപടികൾ എടുക്കാൻ ബാക്കിയുണ്ട്. 288ഫയലുകൾ പാർക്ക് ചെയ്തിട്ടുമുണ്ട്. തുടർ നടപടികൾ എടുക്കാൻ ബാക്കിയുള്ള ഫയലുകളിലും പാർക്ക് ചെയ്ത ഫയലുകളിലും അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്,

4) അക്കൗണ്ടിംഗ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ

പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്

5) പഞ്ചായത്ത് കമ്മിറ്റി 2022-23 ൽ 33 തവണ യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളുടെ മിനുട്ടസുകൾ സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. മീറ്റിംഗുകളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എന്നാൽ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച അവലോകനങ്ങൾ തുടർ യോഗങ്ങളിൽ നടത്തിയതായി മിനുട്ട്സുകളിൽ കാണുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകനങ്ങൾ ഒരോ തുടർയോഗങ്ങളിലും നടത്തേണ്ടതാണ്.

6) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം 9 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. മാസത്തിൽ ഒരു തവണയെങ്കിലും ഓഫീസ് ജീവനക്കാരുടെ യോഗം ചേർന്ന് ജോലി പുരോഗതി വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

7) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

8) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 25/8/2022, 11/01/2023, എന്നീ തിയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതും, സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രൊക്യൂർമെന്റ് പ്ലാൻ നേരത്തെ തയ്യാറാക്കി ആയത് പ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും, എല്ലാ വാങ്ങൽ നടപടികൾക്കും സമിതി അംഗീകാരം ഉറപ്പ് വരുത്തേണ്ടതുമാണ്.

9) 2022-23വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലായി ലഭ്യമായ ബജറ്റ് വിഹിതത്തിൽ നിന്നും 1.45 കോടി രൂപ വിനിയോഗിക്കുവാൻ സാധിക്കാതെ ലാപ്സായിട്ടുണ്ട്. അർഹമായ ബജറ്റ് വിഹിതം നഷ്ടപ്പെടുത്താതെ സമയബന്ധിതമായി വിനിയോഗിക്കുവാൻ ഭരണ സമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

10) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമല്ല. സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയവും വിവരശേഖരണവും പൂർത്തിയാക്കപ്പെട്ടിട്ടില്ല.

1-10 തനത് വരുമാനം സംബന്ധിച്ച അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ 3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

വസ്തുനികുതി പരിഷ്കരണം

സർക്കാരിന്റെ 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ഭരണസമിതിയുടെ 22.07.2023

തിയ്യതിയിലെ 2/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് അന്തിമ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ 4.10.2023 മുതൽ പുതുക്കിയ നിരക്കിലാണ് വസ്തു നികുതി ചുമത്തുന്നത്.

തനത് വരുമാനത്തിലെ കുടിശിക നിവാരണത്തിനായി ക്യാമ്പ് സംഘടിപ്പിക്കൽ, നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗങ്ങൾ അവലംബിക്കൽ തുടങ്ങിയ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നികുതി പിരിവ് 100% പൂർത്തീകരിച്ചിട്ടുണ്ട്.

എഫ് ടി ഇ & ഒ എസ് ലൈസൻസ്

സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 2181 ആണ്. എന്നാൽ 2022-23 വർഷം ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം 567 മാത്രമാണ്. ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിലെ ഈ വ്യത്യാസം സംബന്ധിച്ച് പരിശോധന നടത്തേണ്ടതും പഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച്

ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

5. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

6. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

7. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

## 1-11 തൊഴിൽ നികുതി അപാകതകൾ

### 1) എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1എ), 1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2022-23 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | ലൈസൻസ് നം. | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | സണ്ണി സെബാസ്റ്റ്യൻ | 32/2023 | 15/421, 429,430, 431 | എസ്.എസ് മോട്ടോഴ്സ് | 4 |
| 2 | കുമാരൻ കെ സി | 66/2023 | 15/462X2 | ആൾട്ടനേറ്റീവ് മെഡികെയർ & ഫിസിയോതെറാപ്പി ക്ലിനിക് | 3 |

| | | | | | |
|---|---|---|---|---|---|
| 3 | സണ്ണി തോമസ് | 99/2023 | 12/159 | നിർമ്മിത് കോൺക്രീറ്റ് പ്രൊഡക്ട്സ് | 3 |
| 4 | സിമി സന്തോഷ് | 190/2023 | 10/4B | മലബാർ സിമന്റ് വർക്സ് | 4 |
| 5 | റോബിൻ സെബാസ്റ്റ്യൻ | 213/2023 | 14/319 A | സി.ജെ ബിൽഡ്‌വേർ & സാനിറ്ററി | 6 |
| 6 | ജസ്റ്റിൻ ചെറിയാൻ | 475/2023 | 14/450 | മഞ്ജൂസ് ഹോട്ടൽ & കൂൾബാർ | 4 |
| 7 | സതീഷ് ഇ വി | 486/2023 | 15/462 F, E | ഓറ ഹോം സെന്റർ | 9 |
| 8 | സന്തോഷ് സി ആർ | 524/2023 | 16/92 C, D | സമാജിയോ മോട്ടോഴ്സ് | 3 |
| 9 | മിഷ യു | 537/2023 | 11/585 E, F, G, H | വി കെയർ ക്ലിനിക് | 5 |
| 10 | മൈക്കിൾ എൻ പി | 544/2023 | 7/15 A, E | ഇൻഫാം കാർഷിക സൂപ്പർമാർക്കറ്റ് | 3 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | ക്ഷീരോൽപാദക സഹകരണ സംഘം കൊന്നക്കാട് | 2022-23 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | ക്ഷീരോൽപാദക സഹകരണ സംഘം മാലോം | 2022-23 ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | ക്ഷീരോൽപാദക സഹകരണ സംഘം വെള്ളരിക്കുണ്ട് | 2022-23 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 08 തീയ്യതി 21.12.2023)

1-12 വസ്തുനികുത് നിർണ്ണയം - കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ

പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203 (9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം. | ഇനം | നിരക്ക് |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 40 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 60 |

നികുതി നിർണ്ണയിച്ചതിലെ അപാകതകൾ പട്ടികയായി ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ വിലാസം, വിശദാംശങ്ങൾ | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (നിരക്ക് 40/m2) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന- ഇളവ് ഉൾപ്പടെ (നിരക്ക് 60/m2) | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | അനിൽ ചിറ്റാരിക്കൽ ജോസ്, വടക്കേതൊട്ടിയിൽ, ഗോക്കടവ്, ചിറ്റാരിക്കൽ (100 M2 ന മുകളിലുള്ള കെട്ടിടം) | 14/453 C (Cellar) | 57.02 | 2280.80+ 20% വർദ്ധനവ് (456.16) =2737+LC | 3421.20+ 20% വർദ്ധനവ് (684.24) =4106+LC | 1369+LC |
| | | 14/453 D (GF) | 22.47 | 898.80+ 20% വർദ്ധനവ് (179.76) =1079+LC | 1348.20+ 20% വർദ്ധനവ് (269.64) =1618+LC | 539+LC |

| | | | | | | |
|---|---|---|---|---|---|---|
| | നികുതി പ്രാബല്യത്തിൽ വന്നത് 2017-18 രണ്ടാം അർദ്ധ വർഷം മുതൽ | | | | | |
| | | 14/453 E (GF) | 22.47 | ” | ” | 539+LC |
| | | 14/453 F (GF) | 22.47 | ” | ” | 539+LC |
| 2 | ത്രേസ്യാമ്മ മാത്യു, വരകുകാലായിൽ, വെള്ളരിക്കുണ്ട് (100 M2 ന മുകളിലുള്ള കെട്ടിടം) നികുതി പ്രാബല്യത്തിൽ വന്നത് 2013-14 ഒന്നാം അർദ്ധ വർഷം മുതൽ | 14/389 D (GF) | 44.56 | 1782.40+ 20% വർദ്ധനവ് (356.48) =2139+LC | 2673.60+ 20% വർദ്ധനവ് (534.72) =3209+LC | 1070+LC |
| | | 14/389 E (FF) | 93.63 | 3745.20+ 20% വർദ്ധനവ് (749.04)-5% ഇളവ് (224.70) =4270+LC | 5617.80+ 20% വർദ്ധനവ് (1123.56)-5% ഇളവ് (280.89) =6461+LC | 2191+LC |
| | | 14/389 F (GF) | 20.82 | 832.80+ 20% വർദ്ധനവ് (166.56) =1000+LC | 1249.20+ 20% വർദ്ധനവ് (249.84) =1500+LC | 500+LC |
| | | 14/389 G (FF) | 23.82 | 952.80+ 20% വർദ്ധനവ് (190.56)-5% ഇളവ് (57.17) =1087+LC | 1429.20+ 20% വർദ്ധനവ് (285.84)-5% ഇളവ് (71.46) =1644+LC | 557+LC |
| | | 14/389 H (FF) | 68.99 | 2759.60+ 20% വർദ്ധനവ് (551.92)-5% ഇളവ് (165.60) =3146+LC | 4139.40+ 20% വർദ്ധനവ് (827.88)-5% ഇളവ് (206.97) =4761+LC | 1615+LC |
| | | 14/389 I (FF) | 20.12 | 804.80+ 20% വർദ്ധനവ് (160.96)-5% ഇളവ് (48.30) =918+LC | 1207.20+ 20% വർദ്ധനവ് (241.44)-5% ഇളവ് (60.36) =1389+LC | 471+LC |
| | | 14/389 J (FF) | 34.23 | 3369.20+ 20% വർദ്ധനവ് (673.84)-5% ഇളവ് (202.20) =3841+LC | 5053.80+ 20% വർദ്ധനവ് (1010.76)-5% ഇളവ് (252.69) =5812+LC | 1971+LC |

| | | | | | | |
|---|---|---|---|---|---|---|
| | | 15/469 I (FF) | 21 | 840+ 20% വർദ്ധനവ് (168)-5% ഇളവ് (50.40) =958+LC | 1260+ 20% വർദ്ധനവ് (252)-5% ഇളവ് (63) =1443+LC | 491+LC |
| | | 15/469 J(FF) | ” | ” | ” | 491+LC |
| | | 15/469 K(FF) | ” | ” | ” | 491+LC |
| | | 15/469 L (FF) | ” | ” | ” | 491+LC |
| | | 15/469 M (FF) | ” | ” | ” | 491+LC |
| 3 | ജിജു സെബാസ്റ്റ്യൻ, പുത്തൻപുരയ്ക്കൽ, മങ്കയം, വെള്ളരിക്കുണ്ട് (100 M2 ന മുകളിലുള്ള കെട്ടിടം) നികുതി പ്രാബല്യത്തിൽ വന്നത് 2015-16 രണ്ടാം അർദ്ധ വർഷം മുതൽ | 15/469 N (FF) | ” | ” | ” | 491+LC |
| | | 15/469 O (FF) | ” | ” | ” | 491+LC |
| | | 15/469 P (FF) | ” | ” | ” | 491+LC |
| | | 15/469 Q (FF) | ” | ” | ” | 491+LC |
| | | 15/469 I (FF) | ” | ” | ” | 491+LC |
| | | 15/469 I (FF) | ” | ” | ” | 491+LC |
| | | 15/469 I (FF) | ” | ” | ” | 491+LC |
| ആകെ | | | | | | 17253+LC |

വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും, കുറവ് വന്ന തുക കുടിശ്ശിക ഉൾപ്പെടെ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.29 തീയ്യതി 01.12.2023)

**1-13 ഇ ടെണ്ടർ ബിഡ് സമർപ്പണ ഫീസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.**

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ഇ-ടെണ്ടറിൽ ബിഡ്ഡർമാർ അടക്കുന്ന നിരത ദ്രവ്യം, ബിഡ് സമർപ്പണ ഫീസ് എന്നിവ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ യിലുള്ള 67262938235 നമ്പർ അക്കൗണ്ടിലാണ് വരവു വന്നിരുന്നത്. 21.06.2014 മുതൽ ഇത്തരത്തിൽ ഈ അക്കൗണ്ടിൽ തുകകൾ വന്നിരുന്നു. തുടർന്ന് 2019 മുതൽക്ക് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വന്തം അക്കൗണ്ടുകൾ ആരംഭിച്ച് ഇ ടെണ്ടർ സൈറ്റിൽ മാപ്പ് ചെയ്ത് തുകകൾ അതിലേക്ക് ക്രഡിറ്റ് ചെയ്തു വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി അക്കൗണ്ടുകൾ ആരംഭിക്കുന്നതിനു മുൻപ് വരെ ഇപ്രകാരം ലഭിച്ച തുക അതാത് സ്ഥാപനങ്ങൾക്കു തിരികെ നൽകാൻ ജില്ലാ പഞ്ചായത്ത് നിർദേശിച്ചതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അവർക്ക് അർഹതപ്പെട്ട തുകകൾ കണക്കാക്കി ഡിമാന്റ് ചെയ്യാൻ ആവശ്യപ്പെടുകയും അപ്രകാരം അവശ്യപ്പെട്ട സ്ഥാപനങ്ങൾക്ക് തുക തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ചെക്ക് നം. 24605/16.12.2022, 24604/25.11.2022, 24608/ 04.03.2023, 24607/ 01.03.2023, 24609/ 19.06.2023, 24603/03.09.2022 എന്നിവ പ്രകാരം 31 ഗ്രാമപഞ്ചായത്തുകൾക്കും 6 ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തിനും ഇപ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ബളാൽ ഗ്രാമ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ, അർഹതപ്പെട്ട തുകകൾ കണക്കാക്കി ഡിമാന്റ് ചെയ്യാത്തതിനാൽ ഗ്രാമപഞ്ചായത്തിന് തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

ഇ ടെണ്ടർ ബിഡ് സമർപ്പണ ഫീസ് ഇനത്തിൽ 21.06.2014 മുതൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക കണക്കാക്കി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിക്കേണ്ടതും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുക ലഭ്യമാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 ജീവനക്കാരുടെ സേവന പുസ്തകത്തിൽ യഥാസമയം രേഖപ്പെടുത്തലുകൾ നടത്തുന്നില്ല.

(1)എബിൻ.ജോസഫ്, സീനിയർ ക്ലാർക്ക്.

1.7.2014, 1.7.2019 എന്നീ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള നിർണ്ണയങ്ങൾക്ക് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം നേടിയിട്ടില്ല.

(2)രജീഷ് കാരായി, അസിസ്റ്റന്റ് സെക്രട്ടറി

ജനനത്തിയ്യതി രേഖപ്പെടുത്തിയിരിക്കുന്നത് ഏത് രേഖയുടെ അടിസ്ഥാനത്തിലാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 8.7.2021 ന് ബളാൽ ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചുവെങ്കിലും, ശമ്പള കോളത്തിൽ ശമ്പളം രേഖപ്പടുത്തിയിട്ടില്ല. സേവന പുസ്തകം പേജ് നമ്പർ 42-ൽ കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്തത് കോളത്തിൽ രേഖപ്പെടുത്തിയിട്ടില്ല. 1.7.2019 ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം നേടിയിട്ടില്ല.

(3) മനോജ്.കെ.വി, സീനിയർ ക്ലാർക്ക്.

ജനനത്തിയ്യതി രേഖപ്പെടുത്തിയിരിക്കുന്നത് ഏത് രേഖയുടെ അടിസ്ഥാനത്തിലാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 1.7.2014, 1.7.2019 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള നിർണ്ണയങ്ങൾക്ക് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം നേടിയിട്ടില്ല.

(4) ഷിജോ ജോസഫ്, ക്ലാർക്ക്.

ജനനത്തിയ്യതി രേഖപ്പെടുത്തിയിരിക്കുന്നത് ഏത് രേഖയുടെ അടിസ്ഥാനത്തിലാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 1.7.2019 ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം നേടിയിട്ടില്ല.

മേൽ പരാമർശിച്ച ജീവനക്കാരുടെ സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി അപാകതകൾ പരിഹരിക്കേണ്ടതും ശമ്പള നിർണയങ്ങൾക്ക് യഥാസമയം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്.

## 1-15 മരാമത്ത് പ്രവൃത്തി-സ്രോതസ്സിൽ നിന്ന് ഈടാക്കിയ തുകകൾ ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് ഒടുക്കിയിട്ടില്ല

2022-23 വർഷം കേന്ദ്ര ധനകാര്യക്കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ അന്തിമ ബില്ലുകളിൽ നിന്നും കിഴിവ് വരുത്തിയ , ആദായ നികുതി, ജി.എസ്.ടി, ക്ഷേമ നിധി വിഹിതം എന്നീയിനങ്ങൾ ഉൾപ്പെടുന്ന 1,42,956/-രൂപ ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കുന്നതിനായി 25/07/2023 ന് ഗ്രാമ പഞ്ചായത്ത് LID&EW വിഭാഗം അസിസ്റ്റന്റ് എഞ്ചിനിയർക്ക് കൈമാറിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI വെള്ളരിക്കുണ്ട് ശാഖയിൽ ഉള്ള A/c നം. 67374288664 – ൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത തുക നാളിതുവരെയും ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കിയിട്ടില്ല. പ്രസ്തുത തുക എത്രയും വേഗം ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്ക് വരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-16 കൊന്നക്കാട് പി.എച്ച്.സി-കെട്ടിട നിർമ്മാണം- വിഹിതം നൽകിയത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കൊന്നക്കാട് പി.എച്ച്.സി യ്ക്ക് നാഷണൽ ഹെൽത്ത് മിഷൻ ധനസഹായത്താൽ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതം രണ്ടാം ഗഡുവായി 10,00,000/- രൂപ (പ്രൊ.നം.217/22-23) ട്രഷറി ബിൽ നം 222005520018O1279923/02.03.2023 പ്രകാരം (വികസന ഫണ്ട് പൊതു വിഭാഗം) സ്റ്റേറ്റ് ഹെൽത്ത് & ഫാമിലി വെൽഫയർ സൊസൈറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്(A/c.No.626201088291 ICICI Bank). നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രൊജക്ട് മാനേജറുടെ 25.02.2023ലെ KSGD/3155/JC(Engg)/21/DPMSU കത്തിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത്. പദ്ധതിയ്ക്കായി ഗ്രാമ പഞ്ചായത്ത് വിഹിതമായി നല്കേണ്ട 36.2 ലക്ഷം രൂപയിൽ 20 ലക്ഷം രൂപ 2021-22 വർഷം നല്കിയിരുന്നു. അവശേഷിച്ച തുകയിൽ 10 ലക്ഷം രൂപയാണ് മേൽ പ്രൊജക്ട് പ്രകാരം കൈമാറിയിട്ടുള്ളത് . പ്രവൃത്തി നാളിതുവരെ പൂർത്തിയായിട്ടില്ലെന്നാണ് ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, പൂർത്തീകരിക്കുന്നമുറയ്ക്ക് സ്റ്റേറ്റ് ഹെൽത്ത് & ഫാമിലി വെൽഫയർ സൊസൈറ്റി/എൻ.എച്ച്.എം അധികൃതരിൽ നിന്നുമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 10,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 13 /തി .22.12.2023)

### 1-17 തൊഴിലുറപ്പ് കാര്യാലയത്തിലെ ജീവനക്കാർക്ക് ആർജ്ജിതാവധി സറണ്ടർ അനുവദിച്ചത് സംബന്ധിച്ച്

പഞ്ചായത്തിലെ തൊഴിലുറപ്പ് കാര്യാലയത്തിലെ താൽക്കാലിക ജീവനക്കാർക്ക് 2022-23 വർഷത്തേക്ക് താഴെക്കൊടുത്തിരിക്കും വിധം ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും തസ്തികയും | അനുവദിച്ച തുക | വൗച്ചർ നമ്പർ & തീയ്യതി |
|---|---|---|---|
| 1 | റോബിൻ.പി.സി, അക്രഡിറ്റഡ് എഞ്ചിനീയർ | 15,720 | 22200847 തീയ്യതി.31.03.2023, തുക 51,765 രൂപ |
| 2 | മേരി.പി.കെ, ഓവർസീയർ | 12,015 | |
| 3 | ജോണി ജോസഫ്, അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് | 12,015 | |

| | | | |
|---|---|---|---|
| 4 | ശ്രീഹരിക്കുട്ടി.എം, അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് | 12,015 | |
| | ആകെ | 51,765 | |

25.02.2023 ലെ സ.ഉ(പി) നം.20/2023/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാർക്ക് 2022-23 വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കാവുന്നതാണെന്ന് തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 21.03.2023 ലെ NREGA/192/2023-D1 നമ്പർ സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാർ ജീവനക്കാരുടെ 2021-22 ലെ മാറ്റി വയ്ക്കപ്പെട്ട ലീവ് സറണ്ടറും 2022-23 വർഷത്തെ ലീവ് സറണ്ടറും മേൽ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കാവുന്നതാണെന്ന മഹാത്മാഗാന്ധി എൻ ആർ ഇ ജി എസ് കാസറഗോഡ് പ്രോജക്റ്റ് ഡയറക്ടറുടെ 25.03.2023 ലെ സി-128/18/പി എ യു/കെ എസ് ഡി നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷത്തേക്കുള്ള ആർജിതാവധി സറണ്ടർ അനുവദിക്കണമെന്ന തൊഴിലുറപ്പ് കാര്യാലയത്തിലെ താൽക്കാലിക ജീവനക്കാരുടെ അപേക്ഷയിൻ മേൽ 15 ദിവസത്തേക്ക് വീണ്ടും തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും തസ്തികയും | തുക | വൗച്ചർ നമ്പർ & തീയ്യതി |
|---|---|---|---|
| 1 | റോബിൻ.പി.സി, അക്രഡിറ്റഡ് എഞ്ചിനീയർ | 15,730 | 22200862/ 31.03.2023 തുക 51,790/- |
| 2 | മേരി.പി.കെ, ഓവർസീയർ | 12,020 | |
| 3 | ജോണി ജോസഫ്, അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് | 12,020 | |
| 4 | ശ്രീഹരിക്കുട്ടി.എം, അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് | 12,020 | |
| | ആകെ | 51,790/- | |

മേൽ പട്ടികയിലെ ജീവനക്കാർ ഓഡിറ്റ് വർഷത്തിൽ രണ്ട് തവണ ആർജിതാവധി സറണ്ടർ ഇനത്തിൽ തുക കൈപ്പറ്റി എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. 25.02.2023 ലെ സ.ഉ(പി) നം.20/2023/ധന ഉത്തരവ് പ്രകാരം 2021-22 ലെ മാറ്റി വയ്ക്കപ്പെട്ട ലീവ് സറണ്ടർ നൽകാനുള്ള അനുമതി നൽകിയിട്ടില്ല. പ്രസ്തുത ഉത്തരവിൽ നീട്ടി വയ്ക്കപ്പെട്ട 2022-23 വർഷത്തെ ആർജിതാവധി പിൻവലിക്കാനുള്ള അനുമതി നൽകുക മാത്രമാണ് ചെയ്തത്. ആർജിതാവധി സറണ്ടർ തുക ഒരു സാമ്പത്തിക വർഷത്തിൽ ഒരു തവണ മാത്രമേ അനുവദിക്കാവൂ എന്ന ധനകാര്യ വകുപ്പിന്റെ 20.03.2007 ലെ ജി ഒ(പി) നം.119/2007/ധന ഉത്തരവിന്റെയും 23.08.2017 ലെ 68/2017/ധന സർക്കുലറിന്റേയും വ്യവസ്ഥകൾ ലംഘിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2021-22 ലെ മാറ്റി വയ്ക്കപ്പെട്ട ലീവ് സറണ്ടർ നൽകാൻ ചെലവഴിച്ച 51,790 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.18/22.12.2023)

1-18 ചെയിനേജ് നിബന്ധനകൾ മറി കടന്നുള്ള റോഡ് പ്രവൃത്തികൾ സംബന്ധിച്ച്.

പഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ എസ്റ്റിമേറ്റുകൾ പ്രകാരമുള്ള ചെയിനേജുകൾ പാലിക്കാതെ മറ്റു ചെയിനേജുകളിൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. റോഡ് പ്രവൃത്തികളിൽ വിവിധ പ്രവൃത്തികൾ നടപ്പിലാക്കേണ്ട ചെയിനേജുകൾ എസ്റ്റിമേറ്റിലും അനുബന്ധ സ്കെച്ച്, ഡ്രോയിങ്ങ് എന്നിവയിലും നിർബന്ധമായും രേഖപ്പെടുത്തേണ്ടതും നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെയിനേജുകൾ

അളവു പുസ്തകങ്ങളിൽ കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണെങ്കിലും പഞ്ചായത്തിൽ നടപ്പിലാക്കിയ പല റോഡ് പ്രവൃത്തികളുടെ ഫയലുകളിലും ഇക്കാര്യം അവഗണിച്ചിട്ടുള്ളതായി കാണുന്നു. ചെയിനേജുകൾ മാറ്റി പ്രവൃത്തി ചെയ്തതിന്റെ കാര്യ കാരണങ്ങൾ ഫയലിൽ ഇല്ല. ഇത്തരത്തിലുള്ള മാറ്റങ്ങൾക്ക് പഞ്ചായത്ത് കമ്മിറ്റിയുടെയും സാങ്കേതിക അധികാരികളിൽ നിന്നും അനുമതികൾ വാങ്ങുകയോ എസ്റ്റിമേറ്റുകൾ പുതുക്കുകയോ ചെയ്തിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്, പ്രവൃത്തിയുടെ പേര്, കരാറുകാരൻ, ചെലവ് | എസ്റ്റിമേറ്റ് നം, എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ് | അളവു പുസ്തകത്തിന്റെ നമ്പർ, അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രോജക്ട്- 54/22-23<br>പ്രവൃത്തിയുടെ പേര്- ദർഘാസ് എടക്കാനം പടയംകല്ല് റോഡ് വീതി കൂട്ടലും റീടാറിംഗും<br>കരാറുകാരൻ- പ്രിൻസ്.കെ.വി<br>ചെലവ് - 6,55,880 (BRN 2220055200760017O330, തിയതി 06.06.2022)<br>റോഡ് മെയിന്റനൻസ് ഫണ്ട് | എസ്റ്റിമേറ്റ് നം- 2018/59387<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>Mix Seal Surfacing-<br>0/00 മുതൽ 1/117 വരെ | അളവു പുസ്തകത്തിന്റെ നമ്പർ- 66/21-22<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>Mix Seal Surfacing-<br>0/000 മുതൽ 0/222.6 വരെ,<br>0/224.20 മുതൽ 1/001 വരെ | |
| 2 | പ്രോജക്ട്- 56/22-23<br>പ്രവൃത്തിയുടെ പേര്- ചെത്തിപ്പുഴത്തട്ട് പുഞ്ച എൽപി സ്കൂൾ റോഡ് റീടാറിംഗ്<br>കരാറുകാരൻ- മുകേഷ് വർക്കി<br>ചെലവ് - 4,98,785 (BRN 222005520076000050238, തിയതി 26.04.2022)<br>റോഡ് മെയിന്റനൻസ് ഫണ്ട് | എസ്റ്റിമേറ്റ് നം- 2021/96904<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>Mix Seal Surfacing-<br>0/000 മുതൽ 0/300 വരെ,<br>0/353 മുതൽ 0/500 വരെ, | അളവു പുസ്തകത്തിന്റെ നമ്പർ- 18/21-22<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>Mix Seal Surfacing-<br>0/000 മുതൽ 0/300 വരെ,<br>0/307.80 മുതൽ 0/461 വരെ | |
| 3 | പ്രോജക്ട്- 65/22-23<br>പ്രവൃത്തിയുടെ പേര്- കരളം കുഴിങ്ങാട് റോഡ് റീടാറിംഗ്<br>കരാറുകാരൻ-ലാൻസി എൻ കുരിയൻ<br>ചെലവ് - 5,49,720<br>(BRN 22200552007601394036, തിയതി 18.03,2023) | എസ്റ്റിമേറ്റ് നം- 2021/78913<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>Mix Seal Surfacing-<br>0/000 മുതൽ 0/490 വരെ | അളവു പുസ്തകത്തിന്റെ നമ്പർ- 04/21-22<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>Mix Seal Surfacing-<br>0/200 മുതൽ 0/696 വരെ | |

| | | | | |
|---|---|---|---|---|
| | റോഡ് മെയിന്റനൻസ് ഫണ്ട് | | | |
| 4 | പ്രോജക്ട്- 66/22-23<br>പ്രവൃത്തിയുടെ പേര്- കല്ലംചിറ കമലപ്ലാവ് ഏറംചിറ്റ റോഡ് റീടാറിംഗ്, വിതി കൂട്ടൽ, കൾവർട്ട്<br>കരാറുകാരൻ-മുകേഷ് വർക്കി<br>ചെലവ് - 6,98,717<br>(BRN 22200552007600050597, തിയതി 26.04.2022)<br>റോഡ് മെയിന്റനൻസ് ഫണ്ട് | എസ്റ്റിമേറ്റ് നം- 2021/78045<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>Mix Seal Surfacing-<br>0/190 മുതൽ 0/210 വരെ,<br>0/300 മുതൽ 0/400 വരെ,<br>0/550 മുതൽ 0/900 വരെ | അളവു പുസ്തകത്തിന്റെ നമ്പർ- 56/21-22<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>Mix Seal Surfacing-<br>0/190.50 മുതൽ 0/199.50 വരെ,<br>0/200.7 മുതൽ 0/206.7വരെ,<br>0/237.1 മുതൽ 0/245.1 വരെ,<br>0/270.1 മുതൽ 0/281.6 വരെ,<br>0/291 മുതൽ 0/315 വരെ,<br>0/334.8 മുതൽ 0/365.7 വരെ,<br>0/425.4 മുതൽ 0/446.4 വരെ,<br>0/452 മുതൽ 0/831 വരെ. | |
| 5 | പ്രോജക്ട്- 55/22-23<br>പ്രവൃത്തിയുടെ പേര്- കണ്ണീർവാടി മരുതോംകവല റോഡ് റീടാറിംഗ്<br>കരാറുകാരൻ-പ്രിൻസ്.കെവി<br>ചെലവ് - 8,18,759<br>(BRN 22200552007600096476, തിയതി 12.05.2022)<br>റോഡ് മെയിന്റനൻസ് ഫണ്ട് | എസ്റ്റിമേറ്റ് നം- 2017/101740<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>Mix Seal Surfacing- Retarring<br>0/800 മുതൽ 1/240 വരെ<br>Widening<br>0/800 മുതൽ 1/500 വരെ.<br>0/550 മുതൽ 0/900 വരെ | അളവു പുസ്തകത്തിന്റെ നമ്പർ- 67/21-22<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>Mix Seal Surfacing- retarring<br>0/000 മുതൽ 0/071 വരെ,<br>0/101.9 മുതൽ 0/256.1 വരെ,<br>0/394.1 മുതൽ 0/405.7 വരെ,<br>0/560.4 മുതൽ 0/570 വരെ, | |

| | | | | |
|---|---|---|---|---|
| | | | 0/723.6 മുതൽ 0/743 വരെ,<br>0/809.4 മുതൽ 0/862.7 വരെ,<br>0/999.2 മുതൽ 1/021.6 വരെ,<br>1/288.6 മുതൽ 1/297.6 വരെ,<br>1/328.7 മുതൽ 1/344 വരെ,<br>1/386.1 മുതൽ 1/425.3 വരെ<br>Widening<br>0/772.9 മുതൽ 0/809.4 വരെ,<br>0/862.7 മുതൽ 0/999.2 വരെ,<br>1/021.6 മുതൽ 1/288.6 വരെ,<br>1/297.6 മുതൽ 1/328.7 വരെ,<br>1/334 മുതൽ 1/386.1 വരെ,<br>1/425.3 മുതൽ 1/461.30 വരെ. | |
| 6 | പ്രോജക്ട്- 61/22-23<br>പ്രവൃത്തിയുടെ പേര്- കൊന്നക്കാട് മൊട്ടംകടവ് പാമത്തട്ട് റോഡ് വീതി കൂട്ടൽ, റീടാറിംഗ്, കൾവർട്ട്<br>കരാറുകാരൻ-മുകേഷ് വർക്കി<br>ചെലവ് - 10,25,929<br>(BRN 22200552007600050591, തിയതി 26.04.2022)<br>റോഡ് മെയിന്റനൻസ് ഫണ്ട് | എസ്റ്റിമേറ്റ് നം- 2020/87224<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>Mix Seal Surfacing-<br>Retarring<br>1/700 മുതൽ 2/207 വരെ<br>Widening<br>1/700 മുതൽ 2/207 വരെ | അളവ് പുസ്തകത്തിന്റെ നമ്പർ- 53/21-22<br>അളവ് പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>Mix Seal Surfacing-<br>Retarring<br>1/510 മുതൽ 1/839 വരെ<br>Widening<br>ചെയ്തിട്ടില്ല. | |
| 7 | പ്രോജക്ട്- 59/22-23 | എസ്റ്റിമേറ്റ് നം- | അളവ് പുസ്തകത്തിന്റെ | |

| | | | | |
|---|---|---|---|---|
| | പ്രവൃത്തിയുടെ പേര്- കൊന്നക്കാട് കടവത്ത്മുണ്ട കോട്ടഞ്ചേരി റോഡ് വീതി കൂട്ടൽ, റീടാറിംഗ്, കൾവർട്ട്<br>കരാറുകാരൻ-മുകേഷ് വർക്കി<br>ചെലവ് - 7,20,918<br>(BRN 22200552007600050241, തിയതി 26.04.2022)<br>റോഡ് മെയിന്റനൻസ് ഫണ്ട് | 2020/82456<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>Mix Seal Surfacing-<br>2/000 മുതൽ 2/100 വരെ,<br>4/420 മുതൽ 4/745 വരെ | നമ്പർ- 54/21-22<br>അളവ് പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>Mix Seal Surfacing-<br>1/188 മുതൽ 1/194.9 വരെ,<br>1/213.2 മുതൽ 1/216.7 വരെ,<br>1/240.7 മുതൽ 1/1244.7 വരെ,<br>1/800 മുതൽ 1/821 വരെ,<br>1/831 മുതൽ 1/837 വരെ,<br>2/428 മുതൽ 2/806.2 വരെ | |
| 8 | പ്രോജക്ട്- 64/22-23<br>പ്രവൃത്തിയുടെ പേര്- വെള്ളരിക്കുണ്ട് ബൈപാസ് റോഡ് റീടാറിംഗ്<br>കരാറുകാരൻ-അരുൺ ജോസ്<br>ചെലവ് - 2,99,081<br>(BRN 22200552007600111987, തിയതി 18.05.2022)<br>റോഡ് മെയിന്റനൻസ് ഫണ്ട് | എസ്റ്റിമേറ്റ് നം- 2021/78930<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>Mix Seal Surfacing-<br>0/000 മുതൽ 0/120 വരെ,<br>0/200 മുതൽ 0/300 വരെ,<br>0/350 മുതൽ 0/402 വരെ | അളവ് പുസ്തകത്തിന്റെ നമ്പർ- 63/21-22<br>അളവ് പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>Mix Seal Surfacing-<br>0/000 മുതൽ 0/275 വരെ. | |

ചെയിനേജ് മറികടന്നു കൊണ്ട് മേൽ പ്രവൃത്തികൾ നടപ്പിലാക്കിയതിന് ഓഡിറ്റ് എൻക്വയറി നം. 16 തിയതി 22.12.23 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തികൾക്കായി ചെലവ് ചെയ്ത 52,67,789 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾക്ക് നിർവഹണ ഉദ്യോഗസ്ഥന്റെയും പ്രവൃത്തികളുടെ അളവുകൾ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും വിശദീകരണങ്ങൾ പഞ്ചായത്ത് കമ്മിറ്റിയുടെ വിശദമായ അഭിപ്രായം സഹിതം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവ് തുകകൾ നിരാകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1-19 സ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂര മാറ്റൽ- ഡിസ്മാന്റിൽ ചെയ്ത സാമഗ്രികളുടെ ഡിസ്പോസൽ വിവരം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം. 102/22-23-കനകപ്പള്ളി സ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂര മാറ്റൽ-

കരാറുകാരൻ- ശ്രീ.മുഹമ്മദ് ഹാരിസ്.എം.എം

ചെലവ്- BRN 22200552007600323033/18.07.2022- 12,22,524 രൂപ

എസ്റ്റിമേറ്റ് നം. 2022/15551

ഈ പ്രവൃത്തിയിൽ കനകപ്പള്ളി സ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂരയിലെ മര ഉരുപ്പടികൾ മാറ്റി സ്റ്റീൽ കമ്പി കൊണ്ടുള്ള സ്ട്രക്ചർ തയ്യാറാക്കി ഓട് മേഞ്ഞിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ഡിസ്മാന്റിൽ ചെയ്തസാമഗ്രികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഡിസ്മാന്റിൽചെയ്ത അളവ് | ഡിസ്മാന്റിൽ ചെയ്യാൻ വഹിച്ച ചെലവ് | ഡിസ്മാന്റിൽ ചെയ്ത തിയതി |
|---|---|---|---|---|
| 1 | 15.31- Dismantling Tiled Roofing With Battens, Boarding Etc | 424.45 Sqm | 67,644.60 | 30.05.2022 |
| 2 | 15.14.2- Dismantling Wood Work In Frames, Trusses, Purlins | 1550.16 Meter | 22,012.27 | 30.05.2022 |

ഈയിനങ്ങളിലെ പ്രവൃത്തികൾ നടത്തുമ്പോൾ ലഭിച്ച സാമഗ്രികളുടെ വിവരങ്ങൾ ഫയലിൽ ഇല്ല. സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ലഭിച്ച സാമഗ്രികൾ സ്കൂൾ കോമ്പൗണ്ടിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട് എന്ന് അളവു പുസ്തകത്തിൽ (നം.10/21-22) പേജ് 6 ൽ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റാക്ക് അളവുകൾ രേഖപ്പെടുത്തിയിട്ടില്ല. ഈ സാമഗ്രികൾ എപ്രകാരമാണ് ഡിസ്പോസ് ചെയ്തത് എന്ന വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17, തിയതി 22.12.202 3) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല.

ഈ മര ഉരുപ്പടികൾ അടിയന്തിരമായി ലേലം ചെയ്ത് വിൽക്കാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്കൂൾ കോമ്പൗണ്ടിൽ ഈ സാമഗ്രികൾ സ്റ്റാക്ക് ചെയ്തിട്ട് ഒന്നര വർഷത്തിലധികം കാലം പിന്നിട്ടു കൊണ്ടിരിക്കുകയാണ്. ആയതിനാൽ സാമഗ്രികൾ നശിച്ച പോവാനും നഷ്ടപ്പെട്ടു പോകാനുമിടയുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

1-20 സ്ട്രക്ചറൽ ഡിസൈനിംഗിനും സോയിൽ ടെസ്റ്റിനും വേണ്ടി തുക നൽകി- കൺസൾട്ടൻസി കരാർ ഹാജരാക്കിയിട്ടില്ല- ഡിസൈനും റിപ്പോർട്ടും ലഭിച്ചിട്ടില്ല.

പ്രോജക്ട് നം. 280/22-23-പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമാണം- സ്ട്രക്ചറൽ ഡിസൈനിംഗിനും സോയിൽ ടെസ്റ്റിനും വേണ്ടി LBS ന് തുക നൽകൽ

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

ചെലവ്- BRN 22200552007601554594/29.03.2023- 2,40,000 രൂപ (വികസന ഫണ്ട് ജനറൽ)

പഞ്ചായത്ത് നിർമിക്കനുദ്ദേശിക്കുന്ന കമ്മ്യൂണിറ്റി ഹാളിന്റെ സ്ട്രക്ചറൽ ഡിസൈനിംഗ് നടത്താനും മണ്ണ് ടെസ്റ്റ് നടത്തുന്നതിനും LBS കോളേജ് ഓഫ് എഞ്ചിനീയറിംഗ് 4,00,000 രൂപ കൺസൾട്ടൻസി ഫീസ് നിശ്ചയിച്ചിരുന്നതിൽ ആദ്യ ഗഡുവായി മേൽ വിവരിച്ച പ്രകാരം 2,40,000 രൂപ LBS ന് നൽകിയിട്ടുണ്ട്. ഈ ചെലവുമായി ബന്ധപ്പെട്ട് LBS മായി കൺസൾട്ടൻസി കരാറിൽ ഏർപ്പെട്ടിരുന്നോ എന്നും LBS സ്ട്രക്ചറൽ ഡിസൈനിംഗ്, മണ്ണ് ടെസ്റ്റ് എന്നിവ നടത്തി റിപ്പോർട്ട് പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടോ എന്നും ഓഡിറ്റ് എൻക്വയറി നമ്പർ 22, തിയതി 23.12.2023 പ്രകാരം ആരാഞ്ഞതിന് അസിസ്റ്റന്റ് എഞ്ചിനീയർ

നൽകിയ മറുപടിയിൽ LBS പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും പേമെന്റ് മുഴുവൻ നടത്തുന്ന മുറയ്ക്ക് മാത്രമേ റിപ്പോർട്ടുകൾ പഞ്ചായത്തിന് കൈമാറുകയുള്ളൂ എന്നും മറുപടി നൽകിയിട്ടുണ്ട്. കൺസൾട്ടൻസി കരാർ സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല.

ഈ സാഹചര്യത്തിൽ LBS ന് നൽകിയ 2,40,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൺസൾട്ടൻസി കരാർ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിലെ കാലാവധിക്കുള്ളിൽ ഡിസൈനിംഗം ടെസ്റ്റുകളും പൂർത്തീകരിച്ച് കെട്ടിട നിർമാണ പ്രവൃത്തി സമയത്തിനുള്ളിൽ ആരംഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കാൻ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതുണ്ട്.

## 1-21 മരാമത്ത് പ്രവൃത്തികളിൽ സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കുന്ന സാമഗ്രികളുടെ ഡിസ്പോസൽ വിവരം രേഖപ്പെടുത്താത്തത് സംബന്ധിച്ച്

പഞ്ചായത്ത് നടപ്പിലാക്കിലാക്കിയ ചില റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ "Preparation Of Foundation And Embankment By Scarifying Existing Bituminous Surface To A Depth Of 150mm “ എന്നയിനം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കുന്ന മെറ്റീരിയലുകളുടെ പുനരുപയോഗം / ഡിസ്പോസൽ സംബന്ധിച്ച് എസ്റ്റിമേറ്റുകളിൽ പരാമർശിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ്, പ്രവൃത്തിയുടെ പേര്, കരാറുകാരൻ, ചെലവ് | എസ്റ്റിമേറ്റ് നം, എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ് | അളവു പുസ്തകത്തിന്റെ നമ്പർ, അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രോജക്റ്റ്- 269/23<br>പ്രവൃത്തിയുടെ പേര്- പാലച്ചാൽ മരുതോം കോളനി റോഡ് റീടാറിംഗ്<br>കരാറുകാരൻ- ബെന്നി ജോസ്<br>ചെലവ് - 3,99,343 (BRN 222000552007601543861/ 28.03.2023) | എസ്റ്റിമേറ്റ് നം- 9390/2023<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 171 Sqm | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 171 Sqm | Scarify ചെയ്തതിൽ ലഭിച്ച സാമഗ്രികളുടെ പുനരുപയോഗം / ഡിസ്പോസൽ സംബന്ധിച്ച് ഫയലിലോ മറ്റു രേഖകളിലോ പരാമർശമില്ല. |
| 2 | പ്രോജക്റ്റ്- 167/23<br>പ്രവൃത്തിയുടെ പേര്- വള്ളിക്കടവ് ഒട്ടേമാളം റോഡ് റീടാറിംഗ്<br>കരാറുകാരൻ- വി.ജെ.ജോസ്<br>ചെലവ് - 1,81,059 (BRN 222000552007601543899/ 28.03.2023) | എസ്റ്റിമേറ്റ് നം- 80713/2022<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 150 Sqm | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 150 Sqm | |
| 3 | പ്രോജക്റ്റ്- 161/23<br>പ്രവൃത്തിയുടെ പേര്- | എസ്റ്റിമേറ്റ് നം- 71627/2022 | അളവു പുസ്തകത്തിന്റെ | |

| | | | | |
|---|---|---|---|---|
| | മൈക്കയം കമ്മാടി റോഡ് റീടാറിംഗ്<br>കരാറുകാരൻ- ലാൻസി എൻ കുര്യൻ<br>ചെലവ് - 2,37,623 (BRN 222000552007601470373/ 25.03.2023) | എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 105 Sqm | നമ്പർ- E Book<br>അളവ് പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 90 Sqm | |
| 4 | പ്രോജക്ട്- 147/23<br>പ്രവൃത്തിയുടെ പേര്- മരുതുംകുളം തലക്കുളം റോഡ് റീടാറിംഗ്<br>കരാറുകാരൻ- ഷൈബി സെബാസ്റ്റ്യൻ<br>ചെലവ് - 2,97,778 (BRN 222000552007601394015/ 18.03.2023) | എസ്റ്റിമേറ്റ് നം- 71406/2022<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 165 Sqm | അളവ് പുസ്തകത്തിന്റെ നമ്പർ- E Book<br>അളവ് പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 165 Sqm | |
| 5 | പ്രോജക്ട്- 152/23<br>പ്രവൃത്തിയുടെ പേര്- ശിവഗിരി മരുതോം റോഡ് റീടാറിംഗ്<br>കരാറുകാരൻ- ബെന്നി ജോസ്<br>ചെലവ് - 2,48,137 (BRN 222000552007601543878/ 28.03.2023) | എസ്റ്റിമേറ്റ് നം- 71409/2022<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 135 Sqm | അളവ് പുസ്തകത്തിന്റെ നമ്പർ- E Book<br>അളവ് പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 132 Sqm | |
| 6 | പ്രോജക്ട്- 169/23<br>പ്രവൃത്തിയുടെ പേര്- വള്ളിക്കടവ് സ്കൂൾ ഒട്ടേമാളം റോഡ് റീടാറിംഗ്<br>കരാറുകാരൻ- മുകേഷ് വർക്കി<br>ചെലവ് - 2,92,762 (BRN 222000552007601394023/ 18.03.2023) | എസ്റ്റിമേറ്റ് നം- 81703/2022<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 150 Sqm | അളവ് പുസ്തകത്തിന്റെ നമ്പർ- E Book<br>അളവ് പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 150 Sqm | |

ബിറ്റുമിനസ് പ്രതലങ്ങൾ 150 Mm വരെ സ്കാരിഫൈ ചെയ്യുമ്പോൾ പുനരുപയോഗ യോഗ്യമായ ജി.എസ്.ബി യായി ഉപയോഗിക്കാവുന്ന സാമഗ്രികൾ ലഭിക്കാനിയടുണ്ട്. എന്നാൽ മേൽ വിവരിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കാനിടയുള്ള മെറ്റീരിയലുകളുടെ പുനരുപയോഗമോ ഡിസ്പോസലോ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. കൂടാതെ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിലോ ഫയലുകളിലോ ഇത് പരാമർശിച്ചിട്ടില്ല. ബിറ്റുമിനസ് പ്രതലങ്ങളുടെ സ്കാരിഫിക്കേഷൻ എന്ന ഇനം എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തുന്ന പക്ഷം ഈ പ്രവൃത്തിയിൽ ലഭിക്കാനിടയുള്ള

മെറ്റീരിയലുകൾ എത്രയെന്നും ഇവയുടെ പുനരുപയോഗം/വിൽപ്പന/ഡിസ്പോസൽ എന്നിവ സംബന്ധിച്ച് എസ്റ്റിമേറ്റിൽ പ്രതിപാദിക്കേണ്ടതും മെറ്റീരിയലുകളുടെ അളവ് വിവരം അളവ് പുസ്തകങ്ങളിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-22 അങ്കണവാടി പൂരക പോഷകാഹാര പദ്ധതി കേന്ദ്ര വിഹിതം- വിനിയോഗിക്കുവാൻ അവശേഷിക്കുന്നത് 29.17 ലക്ഷം രൂപ

31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം അങ്കണവാടി പൂരക പോഷകാഹര പദ്ധതിക്കുള്ള കേന്ദ്ര വിഹിതം ഇനത്തിൽ 29,17,892 രൂപ ചെലവഴിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് വർഷം പദ്ധതിയ്ക്കായി 13,54,114 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും 9,21,544 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 24,85,322 | 13,54,114 | 38,39,436 | 9,21,544 | 29,17,892 |

വിവിധ വർഷങ്ങളിലായി ലഭ്യമായ പൂരക പോഷകാഹര പദ്ധതി കേന്ദ്ര വിഹിതം വിനിയോഗിക്കുന്നതിൽ അധികൃതർ വേണ്ടത്ര ശ്രദ്ധ നല്കുന്നില്ല. പൂരക പോഷകാഹര പദ്ധതിയ്ക്കായി കേന്ദ്ര വിഹിതം ഇനത്തിൽ മുൻവർഷങ്ങളിലുൾപ്പടെ ലഭ്യമായ തുകയുടെയും ചെലവഴിച്ച തുകയുടേയും കൃത്യമായ കണക്ക് തയ്യാറാക്കി പ്രസ്തുത കാലയളവിൽ ആനുപാതികമായി കേന്ദ്രവിഹിതം വിനിയോഗിക്കപ്പെട്ടിട്ടില്ലെങ്കിൽ ആയത് ക്രമീകരിക്കുന്നതിനായി തുടർ വർഷങ്ങളിൽ വാർഷിക പദ്ധതി അടങ്കലിൽ കേന്ദ്ര വിഹിതം ഫണ്ട് ആനുപാതിക വർദ്ധനവ് വരുത്തി വകയിരുത്തുവാനും നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് വിനിയോഗിക്കുവാനും ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ഗോത്രസാരഥി പദ്ധതി 2022-23- അപാകത

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | ഹെഡ്മാസ്റ്റർ | |
| പ്രൊജക്ട് നം. | 212/23 | ഗോത്രസാരഥി പദ്ധതി | |
| ഫണ്ട് | വികസന ഫണ്ട് -ടി.എസ്.പി | ബ്ലോക്ക് പഞ്ചായത്ത് | ആകെ |
| അടങ്കൽ | 32,68,636 | 2,00,000 | 34,68,636 |
| ചെലവ് | 22,02,330 | 2,00,000 | 24,02,330 |

ബളാൽ ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന വിദൂരസ്ഥലങ്ങളിൽ താമസിക്കുന്ന യാത്രാസൗകര്യമില്ലാതെ പഠനം മുടങ്ങിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ അവരെ സ്കൂളിൽ കൃത്യമായി എത്തിക്കുന്നതിന് വേണ്ടി വാഹന സൗകര്യം ഒരുക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരം ആകെ 24,02,330/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ റഫറൻസ് നം | തീയ്യതി | തുക |
|---|---|---|---|
| 1 | 22200552014900573399 | 25.09.2022 | 7,62,600/- |
| 2 | 22200552014900643342 | 13.10.2022 | 3,06,560/- |
| 3 | 22200552014900751811 | 09.11.2022 | 3,35,910/- |
| 4 | 22200552014901366186 | 15.03.2023 | 2,00,000/- |
| 5 | 22200552014901552364 | 29.03.2023 | 1,97,260/- |
| 6 | 22200552014901577482 | 31.03.2023 | 6,00,000/- |
| | | ആകെ | 24,02,330/- |

പദ്ധതി നടപ്പിലാക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരം വിവിധ സ്കൂളുകൾ സ്ഥിതി ചെയ്യുന്ന

മേഖലകളിലെ വാഹന ഉടമകളുടെ കുറഞ്ഞ തുകയുള്ള ക്വട്ടേഷനുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്. വാഹന ഉടമകൾ ഹാജരാക്കിയ ട്രിപ്പ് ഷീറ്റുകൾ അംഗീകരിച്ചുകൊണ്ട് അവർക്ക് പേമെന്റും നടത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാഹന ഉടമ/-ഡ്രൈവറുടെ പേര് | വാഹനം-രജിസ്ട്രേഷൻ നമ്പർ | നൽകിയ തുക | കാലയളവ് | ഹാജരാക്കാത്ത രേഖകൾ/രേഖകളിലെ അപാകതകൾ |
|---|---|---|---|---|---|
| 1 | സന്തോഷ് കുമാർ.വി | KL.60D.7200 JEEP | 1,89,755/- | 06/2022 To 03/2023 | ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ല. |
| 2 | ജോർജ്ജ്. വി.ടി | KL.60E.2049 JEEP | 3,05,184/- | 06/2022 To 03/2023 | ഹാജരാക്കിയ ഇൻഷൂറൻസിന്റെ കാലാവധി 02.12.2022 വരെയും, ഫിറ്റ്നസ്സ് കാലാവധി 17.10.2022 വരെയുമാണ്. |
| 3 | ബിജു ജോസ് | KL.79.8619 AUTO | 77,390/- | 06/2022 To 03/2023 | ആർ.സി, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ല, ഹാജരാക്കിയ ഇൻഷൂറൻസ് സർട്ടിഫിക്കറ്റിന്റെ കാലാവധി 09.02.2023 വരെ |
| 4 | ഷാജി. കെ.പി | KL.2021.CC.9477D AUTO | 31,822/- | 06/2022 To 03/2023 | ആർ.സി, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ല, ഹാജരാക്കിയ ഇൻഷൂറൻസ് സർട്ടിഫിക്കറ്റിന്റെ കാലാവധി 25.09.2022 വരെ മാത്രമാണ്. |
| 5 | സണ്ണി ജോസഫ് | KL.60B.4250 JEEP | 2,42,101/- | 06/2022 To 03/2023 | ഇൻഷൂറൻസ് സർട്ടിഫിക്കറ്റ് ഇല്ല, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ല. |
| 6 | ടോമി. ഇ.വി | KL.60C.0934 AUTO | 72,313/- | 06/2022 To 03/2023 | ഹാജരാക്കിയ ഇൻഷൂറൻസിന്റെ കാലാവധി 11.01.2023 വരെയും, ഫിറ്റ്നസ്സ് കാലാവധി 12.09.2022 വരെയുമാണ്. |
| 7 | ഷൈജു മാത്യു | KL.60B.295 JEEP | 3,37,651/- | 06/2022 To 03/2023 | ഹാജരാക്കിയ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന്റെ കാലാവധി 30.12.2022 വരെ |
| 8 | അഷറഫ്. എം | KL.31K.6516 AUTO | 1,10,394/- | 06/2022 To 03/2023 | ഹാജരാക്കിയ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന്റെ കാലാവധി 15.03.2023 വരെ മാത്രമാണ്. |
| 9 | ജിജോ ജോസഫ് | KL.08.AX.5700 TEMPO TRAVELLER | 3,80,751/- | 06/2022 To 03/2023 | ഇൻഷൂറൻസ് സർട്ടിഫിക്കറ്റ് ഇല്ല, ഹാജരാക്കിയ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന്റെ കാലാവധി 28.09.2022 വരെ മാത്രമാണ്. |
| 10 | സബിൻ ജോസഫ് | KL.40 Q.9019 AUTO | 65,970/- | 06/2022 To 03/2023 | ആർ.സി, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ല, ഹാജരാക്കിയ ഇൻഷൂറൻസ് സർട്ടിഫിക്കറ്റിന്റെ കാലാവധി 16.11.2022 വരെ മാത്രമാണ്. |
| 11 | പ്രഭാകരൻ. കെ | KL.60J.1915 AUTO | 83,731/- | 06/2022 To 03/2023 | ആർ.സി, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ല, |

| | | | | | |
|---|---|---|---|---|---|
| 12 | യോഹന്നാൻ. യു | KL.60M.1057 AUTO | 72,313/- | 06/2022 To 03/2023 | ഹാജരാക്കിയ ഇൻഷൂറൻസിന്റെ കാലാവധി 09.01.2023 വരെയും, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ല. |
| 13 | ഷാജു. പി.എം | KL.60F.3135 MOTOR CAB | 47,553/- | 06/2022 To 03/2023 | ഹാജരാക്കിയ ഇൻഷൂറൻസിന്റെ കാലാവധി 28.09.2022 വരെയും, ഫിറ്റ്നസ്സ് കാലാവധി 29.09.2022 വരെയുമാണ്. |
| 14 | മധു. യു | KL.60E.3188 JEEP | 1,89,755/- | 06/2022 To 03/2023 | ഹാജരാക്കിയ ഇൻഷൂറൻസിന്റെ കാലാവധി 11.02.2023 വരെയും, ഫിറ്റ്നസ്സ് കാലാവധി 17.03.2023 വരെയുമാണ്. |
| 15 | സന്ദീപ്. സി.വി | KL.32..C.743 MOTOR CAB | 1,95,647/- | 06/2022 To 03/2023 | ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ല. |
| | | ആകെ | 24,02,330 | | |

കുട്ടികളെ കൊണ്ടുപോകാനായുള്ള വാഹനമായതിനാൽ തന്നെ വാഹനത്തിന്റെ രേഖകൾ, പ്രത്യേകിച്ച് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്, ഇൻഷൂറൻസ് എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടിയിരുന്നു. മേൽ പട്ടികയിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് പരാമർശിത രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 24,02,330/-രൂപ തടസ്സത്തിൽ വെക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.12/22.12.2023)

## 1-24 ഗോത്രസാരഥി പദ്ധതി(സ്പിൽ ഓവർ)- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രോജക്ട് നം. SO124/23, ഗോത്രസാരഥി പദ്ധതി

അടങ്കൽ - വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ് ) - 5,26,820/- സ്പിൽ ഓവർ പദ്ധതി

ചെലവ് തുക - 3,74,600/-രൂപ

ചെക്ക് നമ്പർ- XVFC/2022-23/p/11 തീയ്യതി. 19.05.2022, Rs.3,74,600/-

ബളാൽ ഗ്രാമപഞ്ചായത്തിൽ വിവിധ സ്കൂളുകളിൽ പഠിക്കുന്ന വിദൂരസ്ഥലങ്ങളിൽ താമസിക്കുന്ന യാത്രാസൗകര്യമില്ലാതെ പഠനം മുടങ്ങിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ അവരെ സ്കൂളിൽ കൃത്യമായി എത്തിക്കുന്നതിന് വേണ്ടി വാഹന സൗകര്യം ഒരുക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. 2021-22 വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയുടെ ചെലവ് തുക ഈ വർഷം സ്പിൽ ഓവർ (പ്രോജക്ട് നം.SO124/23) പദ്ധതിയാക്കി നൽകുകയാണ് ചെയ്തത്. ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പേമെന്റ് വൗച്ചർ ഡീറ്റെയ്സ് പ്രകാരം താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | തുക നൽതിയത് | തുക |
|---|---|---|
| 1 | ജിജോ ജോസഫ് | 70,000/- |
| 2 | യോഹന്നാൻ.യു | 12,800/- |
| 3 | ബിജു ജോസ് | 10,000/- |
| 4 | ടോമി. ഇ.വി | 10,800/- |
| 5 | പ്രഭാകരൻ.കെ | 13,200/- |
| 6 | ജോർജ്ജ്.വി.ടി | 53,000/- |
| 7 | ഷൈജു മാത്യു | 56,000/- |

| | | |
|---|---|---|
| 8 | ദിനേശ്.കെ.ടി | 10,000/- |
| 9 | സന്തോഷ് കുമാർ.വി | 24,800/- |
| 10 | ഷാജി.കെ.പി | 5,000/- |
| 11 | സബിൻ ജോസഫ് | 10,000/- |
| 12 | അഷറഫ്.എം | 12,000/- |
| 13 | ബിബിൻ സ്കറിയ | 52,000/- |
| 14 | സണ്ണി ജോസഫ് | 35,000/- |
| | ആകെ | 3,74,600/- |

പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് റിക്വിസിഷൻ നം.01/21.12.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന് നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥ 22.12.2023 ന് മറുപടി ലഭ്യമാക്കുകയുണ്ടായി. മറുപടിയിൽ പ്രസ്തുത പദ്ധതിയുടെ ചെലവുകൾ നിർവ്വഹണം നടത്തിയത് 02.09.2022 ന് മുൻമ്പുള്ള നിർവ്വഹണ ഉദ്യോഗസ്ഥയാണ് എന്ന മറുപടിയാണ് ഹാജരാക്കിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് ഫയൽ, വാഹനം വാടകയ്ക്ക് എടുത്തതുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിച്ചത്, വാഹനങ്ങളുടെ ഫിറ്റ്നസ്സ് രേഖകൾ, ആർ.സി., ഡ്രൈവറുടെ ലൈസൻസ്, ചെലവിന്റെ മറ്റ് അനുബന്ധ വൗച്ചറുകളും രേഖകളും എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 3,74,600/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.11/22.12.2023)

## 1-25 വയോജനങ്ങൾക്കുള്ള വിശ്രമ കേന്ദ്രം - സായംപ്രഭ ഹോം പ്രവർത്തനങ്ങൾ പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നം. S0206/23, സായംപ്രഭകേന്ദ്ര പ്രവർത്തനങ്ങൾ

അടങ്കൽ - വികസന ഫണ്ട് (ജനറൽ) - 1,40,533/-

ചെലവ് തുക - വികസന ഫണ്ട് (ജനറൽ) - 1,40,533/-

ബളാൽ ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്കുള്ള വിശ്രമ കേന്ദ്രമായ മാലോം, വെള്ളരിക്കുണ്ട്, എടത്തോട് എന്നീ സായംപ്രഭ ഹോമിലെ കെയർ ഗിവർക്ക് ഹോണറേറിയം നൽകാനും, ഹോമിലെത്തുന്ന വയോജനങ്ങൾക്ക് ലഘുഭക്ഷണം നൽകാനുമാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി താഴെപറയുന്ന ബിൽറഫറൻസുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ.നം | തുക നൽകിയതിന്റെ വിശദാംശങ്ങൾ |
|---|---|
| 1 | ബിൽറഫറൻസ് നമ്പർ 22200552013300955054/24.12.2022- സായംപ്രഭ ഹോമിന്റെ ഉദ്ഘാടനത്തിനും, ഹോമിലെത്തുന്ന വയോജനങ്ങൾക്ക് ലഘുഭക്ഷണം നൽകാനും 5,665/-രൂപ ചെലവഴിച്ചു. |
| 2 | ബിൽറഫറൻസ് നമ്പർ 22200552013300867585/25.12.2022 പ്രകാരം വെള്ളരിക്കുണ്ട് സായംപ്രഭ ഹോമിലെ കെയർ ഗിവർ ശ്രീമതി അന്നതോമസിനും, മാലോം സായംപ്രഭ ഹോമിലെ കെയർ ഗിവർ ശ്രീമതി അന്ന ജോസഫിനും, ഇടത്തോട് സായംപ്രഭ ഹോമിലെ കെയർ ഗിവർ ശ്രീമതി രേഷ്മയ്ക്കും 2022 ഒക്ടോബർ, നവംബർ മാസങ്ങളിലെ ഹോണറേറിയം നൽകാൻ 42,000/-രൂപ ചെലവഴിച്ചു. |
| 3 | ബിൽറഫറൻസ് നമ്പർ 22200552013301132275/03.02.2023 പ്രകാരം ഹോമിലെ കെയർ ഗിവർക്ക് ഹോണറേറിയം നൽകാനും, ഹോമിലെത്തുന്ന വയോജനങ്ങൾക്ക് ലഘുഭക്ഷണം നൽകുന്നതിനും 15,996/-രൂപ ചെലവഴിച്ചു. |
| 4 | ബിൽറഫറൻസ് നമ്പർ 22200552013301383168/17.03.2023 പ്രകാരം ഹോമിലെ കെയർ ഗിവർക്ക് ഹോണറേറിയം നൽകാനും, ഹോമിലെത്തുന്ന വയോജനങ്ങൾക്ക് ലഘുഭക്ഷണം നൽകുന്നതിനും 19,586/-രൂപ ചെലവഴിച്ചു. |

| | |
|---|---|
| 5 | ബിൽറഫറൻസ് നമ്പർ 22200552013301383185/17.03.2023 പ്രകാരം ഹോമിലെ കെയർ ഗിവർക്ക് ഹോണറേറിയം നൽകാനും, ഹോമിലെത്തുന്ന വയോജനങ്ങൾക്ക് ലഘുഭക്ഷണം നൽകുന്നതിനും, സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനും 32,016/-രൂപ ചെലവഴിച്ചു. |
| 6 | ബിൽറഫറൻസ് നമ്പർ 22200552013301516333/28.03.2023 പ്രകാരം ഹോമിലെ കെയർ ഗിവർക്ക് ഹോണറേറിയം നൽകാനും, ഹോമിലെത്തുന്ന വയോജനങ്ങൾക്ക് ലഘുഭക്ഷണം നൽകുന്നതിനും, സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനും 24,494/-രൂപ ചെലവഴിച്ചു. |
| 7 | ബിൽറഫറൻസ് നമ്പർ 22200552013300867593/16.12.2022 പ്രകാരം ഹോമിലെ കെയർ ഗിവർക്ക് ഹോണറേറിയം നൽകാനും, ഹോമിലെത്തുന്ന വയോജനങ്ങൾക്ക് ലഘുഭക്ഷണം നൽകുന്നതിനും 776/-രൂപ ചെലവഴിച്ചു. |
| | ആകെ = 1,40,533/-രൂപ |

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1) പട്ടികയിലെ ക്രമ നമ്പർ 2 പ്രകാരം 42,000/- രൂപ ചെലവഴിച്ചതിന് ആധാരമായി ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

2) പട്ടികയിലെ ക്രമ നമ്പർ 3 പ്രകാരം 15,996/- ചെലവഴിച്ചതിൽ 6,672/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുണ്ട് (1920+1200+3552=6672). ബാക്കി 9,324/-രൂപ ചെലവഴിച്ചതിന് ആധാരമായി ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

3) പട്ടികയിലെ ക്രമ നമ്പർ 4 പ്രകാരം 19,586/- ചെലവഴിച്ചതിൽ 4,800/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുണ്ട്(2460+2340=4800). ബാക്കി 14,786/-രൂപ ചെലവഴിച്ചതിന് ആധാരമായി ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

